# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038 KERALA

PHONE 8499 8234

വാല്യം 5 | 1984 ഏപ്രിൽ 15 | ലക്കം 10




'വചനത്തിൻെറ സുവർണ്ണം' മലയാള മനോരമ ചീഫ് എഡിററർ കെ. എം. മാത്യുവിന് ആദ്യ കോപ്പി നല്കിക്കൊണ്ട് നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ പ്രകാശനം ചെയ്യുന്നു.

# പരിശുദ്ധ ബാവായുടെ വചനങ്ങൾ അമൂല്യനിധി: കെ. എം. മാത്യു

(സ്റ്റാഫ് പ്രതിനിധി)

കോട്ടയം: പരിശുദ്ധബാവാ തിരുമനസ്സിലെ വചനങ്ങൾ അമൂല്യനിധിയാണെന്നും അതു് വരും തലമുറയ്ക്കുവേണ്ടി ശേഖരിച്ചു വയ്ക്കേണ്ടതു് സഭയുടെ അനിവാര്യമായ കർത്തവ്യമാണെന്നും മലയാള മനോരമ ചീഫ് എഡിററർ കെ. എം. മാത്യു പ്രസ്താവിച്ചു.

83-ാം വയസിലും ദൈവകൃപയുടെ അതുല്യമായ ശക്തികൊണ്ടു് പ്രസരിപ്പാർന്ന ജീവിതം പരിശുദ്ധ ബാവാ തിരുമേനിക്കു് ദൈവീകമായി ലഭിച്ചുകൊണ്ടിരിക്കുന്നതിൻെറ കാരണം ഈ സഭയ്ക്കുവേണ്ടി ഇനിയും പലകാര്യങ്ങളും ചെയ്യുന്നതിനുവേണ്ടിമാത്രമാണെന്നു് ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു. ദൈവം അദ്ദേഹത്തെ അതിനായി ഉപയോഗിച്ചുകൊണ്ടും ഇരിക്കുന്നു.

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് വാരികയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ച 'വചനത്തിൻെറ സുവർണ്ണം' എന്ന പരിശുദ്ധബാവാ തിരുമനസ്സിലെ പ്രഭാഷണങ്ങളുടെ സമാഹാരത്തിൻെറ പ്രകാശനവേളയിൽ പ്രഥമ കോപ്പി മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയിൽ നിന്നു് ഏററുവാങ്ങിക്കൊണ്ടു് സംസാരിക്കയായിരുന്ന മലയാള മനോരമ ചീഫ് എഡിററർ കെ. എം. മാത്യു. പരിശുദ്ധ മൂറോൻ കൂദാശയ്ക്കു് ശേഷം നടന്ന ലളിതമായ ചടങ്ങിൽ വച്ചായിരുന്നു പ്രകാശനം. അദ്ദേഹം ഇങ്ങനെ തുടർന്നു.

ആത്മീയത തിങ്ങിനിറഞ്ഞുനില്ക്കുന്ന ഈ മഹാ പരിശുദ്ധ ദിവസം ഇപ്രകാരം ഒരു മഹത്തായ ഗ്രന്ഥത്തിൻെറ പ്രകാശനം നിർവ്വഹിക്കുന്നതു് തികച്ചും അനുയോജ്യമായി ഞാൻ കരുതുന്നു. പരിശുദ്ധ ബാവാ തിരുമനസിലെ വിശുദ്ധ വചനങ്ങളുടെ ഈ സമാഹാരം ഏററുവാങ്ങുവാൻ എനിക്കു് ലഭിച്ച അവസരം ഒരു ശ്രേഷ്ഠപദവിയായി ഞാൻ സ്വീകരിക്കുന്നു.

നമ്മുടെ പ: ബാവായുടെ ശ്രേഷ്ഠത നമ്മേക്കാൾ കൂടുതലായി ലോകം ഇന്നു് അംഗീകരിച്ചിട്ടുണ്ടു്. മലയാള മനോരമയുടെ ശതാബ്ദി സമ്മേളനം ഉദ്ഘാടനം ചെയ്യുവാനെത്തിയ ഇൻഡ്യയുടെ രാഷ്ട്രപതി വെങ്കിട്ടരാമനോടു് ബോംബയിൽ നമ്മുടെ സഭയുടേതായ ഒരു പരിപാടിയിൽപങ്കെടുക്കുവാനുള്ളക്ഷണം നടത്തിയപ്പോൾ അദ്ദേഹം പ. തിരുമേനിയോടു് പറഞ്ഞതു് 'Your request is a command so I shall obey it'. (അങ്ങയുടെ ആവശ്യം ഒരു ആജ്ഞയാകയാൽ ഞാൻ അനുസരിക്കാം) എന്നാണ്. ആ അവസരത്തിൽ ഞാൻ വളരെയേറെ അഭിമാന പുളകിതനാവുകയുണ്ടായി.

പരിശുദ്ധ തിരുമേനിയുടെ പാരാവാര സമാനമായ പാണ്ഡിത്യവും, ആത്മീയ നിറവും പിൽക്കാല സഭയ്ക്കു് ഒരു മുതൽകൂട്ടായി തീരത്തക്കവണ്ണം ഈ രീതിയിലുള്ള നിരവധി ഗ്രന്ഥങ്ങളുടെയും അമൂല്യശേഖരങ്ങൾ ഇനിയും ഉണ്ടാകട്ടെ എന്നു് ആശംസിച്ചുകൊണ്ടു് ഈ ഗ്രന്ഥത്തിൻെറ പ്രഥമകോപ്പി ഞാൻ ഏററുവാങ്ങുന്നു.

—

## പരിശുദ്ധ ബാവാ തിരുമനസ്സിലെ പ്രോഗ്രാം

ഏപ്രിൽ 16 ശനി 11 മണി മെഴവേലി, 17 ഞായർ 11 മണി താഴത്തങ്ങാടി, 18 തിങ്കൾ 11 മണി എറണാകുളം പള്ളി, 19 ചൊവ്വാ വി. കുർബ്ബാന പുത്തൻകാവ് വലിയപള്ളി; 20 ബുധൻ 3 മണി പരുമല സെമിനാരി, 22 വെള്ളി കടമ്പനാട്ട് വലിയ പള്ളി, 24 ഞായർ കൊഴവല്ലൂർ പള്ളി, 25 തിങ്കൾ 11 മണി എറണാകുളം പള്ളി, 30 ശനി വാകത്താനം വെട്ടിക്കുന്നു് പള്ളി.

'തിരുവചനഭാഷ്യം'

## പ: ബാവാ തിരുമനസ്സിലെ കല്പന

നമുക്കേവരും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ സഭാമക്കൾക്കു വാഴ്വ്.

വാത്സല്യ മക്കളെ,

ക്രൈസ്തവമായ അറിവിൻെറയും, അനുഭവത്തിൻേറയും മുഖ്യ സ്രോതസ്സാണ് വി. വേദപുസ്തകം. വി. വേദപുസ്തകപരമായ ജ്ഞാനം വിശ്വാസികൾക്കു് അവശ്യം ഉണ്ടായിരിക്കേണ്ടതാണ് എന്ന വസ്തുത പലരും വേണ്ടവിധം മനസ്സിലാക്കുന്നില്ല എന്നുള്ളതു് ഒരു ദുഃഖസത്യമാണ്. സഭാ പാരമ്പര്യത്തിൻെറ ഏററവും പ്രധാനഭാഗമാണ് തിരുവചനം. തിരുവചനത്തെ സഭാജീവിതത്തിൻെറ അന്തർ ധാരയായി അനുഭവിച്ചറിഞ്ഞവരാണ് സഭാപിതാക്കന്മാർ. എന്നാൽ എന്തുകൊണ്ടോ ആധുനിക കാലഘട്ടത്തിൽ തിരുവചന ധ്യാനത്തിനും പഠനത്തിനും വേണ്ടത്ര പ്രാധാന്യം കിട്ടാതെ പോകുന്നു. അതിൻെറ കുറവു തന്നെയാണു വേദവിപരീതങ്ങളുടെ ഉയർച്ചയ്ക്കും കാരണമാവുന്നതു്. ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടു നമ്മുടെ വൈദിക സെമിനാരി ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുകയാണ്.

പുതിയനിയമ ഗ്രന്ഥങ്ങൾ സാധാരണക്കാർക്കു് മനസ്സിലാകുന്ന വിധത്തിൽ വ്യാഖ്യാനിക്കുവാനുള്ള ഒരു സംരംഭമാണ് 'തിരുവചന ഭാഷ്യം' (ബൈബിൾ കമ്മററി). ദിവ്യബോധനം പഠനപരിപാടി വിജയകരമായി ആസൂത്രണം ചെയ്തനമ്മുടെ വൈദികസെമിനാരി അദ്ധ്യാപകരുടെ തന്നെ പൂർണ്ണ ചുമതലയിൽ തിരുവചനഭാഷ്യവും പ്രയോജനകരമായ ഒരു പദ്ധതിയായി തീരും എന്നു നമുക്കു പൂർണ ബോധ്യവും പ്രത്യാശയുംഉണ്ടു്. ഈ സംരംഭം ആരംഭിക്കുന്ന വൈദിക സെമിനാരി ഫാക്കൽററിയെ നാം അനുമോദിക്കുന്നു. അതൊടൊപ്പം ഈ പദ്ധതിയ്ക്കു സഭാംഗങ്ങൾ പൂർണ സഹകരണം നല്കണം എന്നു് അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. സാധാരണക്കാർക്കു വാങ്ങുവാനും ഗ്രഹിക്കുവാനും സാധിക്കുന്ന വിധത്തിലാണു തിരുവചനഭാഷ്യം അവതരിപ്പിക്കുന്നതു്. ആയതുകൊണ്ടു് സഭാംഗങ്ങളെല്ലാവരും ഈ ഗ്രന്ഥങ്ങൾ വാങ്ങി പ്രയോജനപ്പെടുത്തണമെന്നു നാം വാത്സല്യപൂർവം നിർബന്ധിക്കുന്നു.

സർവശക്തനായ ദൈവത്തിൻെറ കൃപയും, അനുഗ്രഹങ്ങളും നിങ്ങളെല്ലാവരിലും സദാവർദ്ധിച്ചിരിക്കുമാറാകട്ടെ.

1988 ഫെബ്രുവരി 24-ാം തീയതി കോട്ടയം കാതോലിക്കേററ് അരമനയിൽനിന്നു്.

## ശെമ്മാശുപട്ടം നല്കി.

പിറവം: വെളിയനാട്ട് തളിയച്ചിറ കൊല്ലംപറമ്പിൽ കുര്യൻ പൗലൂസിൻെറ പുത്രൻ ടി. പി. കുര്യന്, ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ വെട്ടിക്കൽ സെൻററ് തോമസ് ദയറായിൽ വെച്ചു ശെമ്മാശുപട്ടം നല്കി. തുടർന്നു് നടന്ന അനുമോദന സമ്മേളനത്തിൽ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഡോ: അലക്സാണ്ടർ പാഫർഡോസ് എന്നിവർ പ്രസംഗിച്ചു.

## ആവശ്യമുണ്ടു്

ഓർത്തഡോക്സ് സഭവകയായി തിരുവനന്തപുരത്തു് പ്രവർത്തിക്കുന്ന വികലാംഗ ബാലഭവനത്തിൽ ഒരു പാചകക്കാരിയേയും, രണ്ടു് ആയമാരേയും, ഒരു വാച്ച്മാനേയും ആവശ്യമുണ്ടു്. മദ്ധ്യവയസ്കർക്കും, കുടുംബഭാരമില്ലാത്തവർക്കും ആദ്യത്തെ രണ്ടു തസ്തികകളിൽ മുൻഗണന നല്കുന്നതാണ്. മൂന്നാമത്തെ തസ്തികയിലേക്കു് അൻപത്തിയഞ്ചു വയസ്സ് പൂർത്തിയായിട്ടുള്ളവർക്കാണ് കൂടുതൽ പരിഗണന നല്കുക.

പ്രതീക്ഷിക്കുന്ന ഏററവും കുറഞ്ഞ വേതനവും മററു് ആനുകൂല്യങ്ങളും കാണിച്ചു് ഏപ്രിൽ 30 നകം, ഡയറക്ടർ, ദി ഹോളി ട്രിനിററി വികലാംഗ ബാലകേന്ദ്രം, 24 ടാഗോർ ഗാർഡൻസ് തിരുവനന്തപുരം 11, എന്ന വിലാസത്തിൽ അപേക്ഷിക്കുക.

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

1988 ഏപ്രിൽ 15

# പുതുമയിലേക്കൊരു പുനരുത്ഥാനം

യേശുവിന്റെ പുനരുത്ഥാനം അതുമായി ബന്ധപ്പെട്ടവർക്കെല്ലാം അവാച്യമായ ഒരനുഭവമായി നിലനിന്നുപോന്നിട്ടുണ്ട്. ഭയവിഹ്വലരായ ശ്ലീഹന്മാരെ അത് പുതിയ മനുഷ്യരാക്കി; ധീരന്മാരാക്കി. പിന്നാലെ വന്ന രക്തസാക്ഷികളെ മരണത്തെ വെല്ലുവിളിക്കുന്നവരാക്കി രൂപാന്തരപ്പെടുത്തി. അനേകം വിശ്വാസവീരന്മാർ യേശുവിന്റെ പുനരുത്ഥാനത്തിനും, തന്റെ രക്ഷയ്ക്കും സാക്ഷികളാവാൻ ഭൂതലത്തിലെങ്ങും യാത്ര ചെയ്തു. മനുഷ്യജീവിത ചരിത്രത്തെ ഇത്രയേറെ സ്വാധീനിച്ച മറ്റൊരു സംഭവവും ഇല്ല. ഈ പുതുമയുടെ അനുഭൂതി നിത്യവും യഥാർത്ഥമായി അനുഭവിക്കുന്നയാളാണ് പുനരുത്ഥാനത്തിന്റെ അവകാശി.

വർഷങ്ങൾ കഴിഞ്ഞിട്ടും, പ്രകാശകിരണങ്ങൾ ജീവിതത്തിലേക്ക് വല്ലപ്പോഴുമെങ്കിലും അരിച്ചിറങ്ങിയിട്ടും, മനസ്സിനെ മഥിക്കുന്ന ചിന്തകളും അനുഭവങ്ങളും എത്തിയിട്ടും, തുടന്നും പഴമയുടെ ഇരുട്ടിൽത്തന്നെ തപ്പിത്തടയുന്ന കാഴ്ച പരമദയനീയമാണ്. ജീവിതത്തിൽനിന്നും പാഠങ്ങൾ മനസ്സിലാക്കി, പുതുമയുടെ പ്രഭാതത്തിലേയ്ക്കു കാലൂന്നുന്നതു് മനോജ്ഞമായ കാഴ്ചയാണ്. യേശുവിന്റെ പുനരുത്ഥാനം പുതിയ ജീവിതത്തിലേക്കുള്ള വിളിയും പുതുമയുടെ കവാടവുമാണ്. അവിടെ നിസ്സഹായതയും, പീഡയും, പരാജയദൃശ്യവും ദൂരെയെറിഞ്ഞു് വിജയശ്രീലാളിതനായി വരുന്ന യേശുവിനെക്കാണാം. താൻ മഹത്വീകരിക്കപ്പെട്ടിരിക്കുന്നു. മരണത്തിനുപോലും തന്നെ അമത്തി വയ്ക്കാനായില്ല. തിന്മയുടെയും അന്ധകാരത്തിന്റെയും ശക്തികൾ തന്റെ മഹിമയുടെ മുമ്പിൽ ചിറകറ്റു കിടക്കുന്നു. അവിടുന്നു ശാന്തനായി താൻ ഉദ്ഘാടനം ചെയ്യുന്ന പുതുജീവനി-

**ഫാ. ജേക്കബ് ചെറിയാൻ**

ലേക്കും, നവീനലോകത്തിലേക്കും ഏവരേയും സ്വാഗതം ചെയ്യുന്നു. പ്രകാശം വന്നെത്തിയിട്ടും, ഇരുളിൽതന്നെ തങ്ങിനില്ക്കുക എന്ന ഭോഷത്വം ആർ പ്രവർത്തിക്കും? അവൻ തികച്ചും ബുദ്ധിശൂന്യനോ, അഥവാ, തിന്മയുടെ വക്താവോ ആയിരിക്കും.

സമാധാനമില്ലാതെ, അരക്ഷിതരായി ദിവസങ്ങൾ തള്ളിനീക്കുന്നവർക്ക് ഒരു സുവാർത്തയും പ്രത്യാശാകിരണവുമാണ് യേശുക്രിസ്തുവിന്റെ പുനരുത്ഥാനം. ജീവിതത്തിനും, മരണത്തിനും പിടിച്ചുവയ്ക്കാനാവാത്ത വിജയജീവിതം മനുഷ്യർക്ക് വാശാനം ചെയ്യുന്നതാണീ ഉയിർപ്പ്.

സൃഷ്ടിക്കുവേണ്ടി ജീവൻവച്ച രക്ഷിതാവിന്റെ ജീവിതമാതൃകയും, ആത്മത്യാഗവും, സമസൃഷ്ടങ്ങളുടെ നേരെ ഒരു പുതുബന്ധത്തിന്റെ ശൃംഖല നെയ്തെടുക്കുവാൻ നമുക്കു പ്രേരണ തരുന്നുണ്ട്. അവിടുന്ന് നമ്മെ സ്നേഹിച്ചതുപോലെ, പരസ്പരം സ്നേഹിക്കുന്നതിൽ കുറഞ്ഞതൊന്നും സ്നേഹമാകുകയില്ല എന്ന അറിവ് ദൃഢപ്പെടുന്തോറും മനസ്സിലെ പല പിരിമുറുക്കങ്ങളും ദുർവാശികളും അയഞ്ഞുവരും. സ്നേഹമെന്ന നാട്യത്തിൽ കാലക്ഷേപം കഴിച്ചിരുന്നവർക്ക് പൊള്ളയായ തങ്ങളുടെ നടപടികളെക്കുറിച്ചൊന്നു ചിന്തിക്കാതെ വഴിയില്ലെന്നായി.

പുതുമയിലേക്കുള്ള മനുഷ്യന്റെ പുനരുത്ഥാനത്തിൽ ചില ദൃഢനിശ്ചയങ്ങളുടെ മാർഗ്ഗരേഖയുണ്ടാകണം. യേശുവിന്റെ പുനരുത്ഥാനത്തെ വിശ്വസിച്ചേറ്റു പറയുന്ന ഒരുവനും, മറ്റൊന്നിനുവേണ്ടിയും ജീവിക്കാനാവില്ല. എനിക്കു ജീവനും വീണ്ടെടുപ്പുമരുളിയ രക്ഷിതാവിനുവേണ്ടി എന്ന ഒരേ ചിന്ത മാത്രം. പണ്ട ''യഹോവയ്ക്കും ഗിദയോനുംവേണ്ടി'' എന്ന് ആർപ്പിട്ട ജനം ശത്രുസംഹാരത്തിനു ത്രാണി നേടിയതുപോലെ.

**പ്രാർത്ഥന:** എനിക്കുവേണ്ടി മരിച്ചുയർത്ത യേശു എന്നിലെ സംശയങ്ങളും, അശുദ്ധിയും, വീൺവാക്കും, വഞ്ചനയും തുടച്ചുമാറ്റി, ധീരമായി ഏതു സാഹചര്യത്തിലും നിന്നെ സാക്ഷിക്കുന്ന യഥാർത്ഥ ശിഷ്യനാക്കി രൂപാന്തരപ്പെടുത്തേണമേ!

**ചിന്താവിഷയം:** വി. യോഹ. 20:19 ''നിങ്ങൾക്കു സമാധാനം''

## ധ്യാനപീഠം

---

ചർച്ചാവേദി

# അസോസിയേഷനും തിരഞ്ഞെടുപ്പും

**ചെമ്മണ്ണൂർ ഗീവറുഗീസ് കോർ-എപ്പിസ്കോപ്പാ, ചേലക്കര**

ഇക്കഴിഞ്ഞ 87 ഡിസംബർ 29-ന് മലങ്കര സുറിയാനി അസോസിയേഷൻ വിളിച്ചുകൂട്ടിയത് മെത്രാൻ സ്ഥാനത്തേക്കും, വൈദിക ട്രസ്റ്റി സ്ഥാനത്തേക്കും ഓരോരുത്തരെ തെരഞ്ഞെടുക്കാനായിരുന്നു. രണ്ടു സ്ഥാനങ്ങളിലേക്കും സ്ഥാനാർത്ഥികൾ ഒന്നിൽ കൂടുതലുണ്ടായിരുന്നതിനാൽ വോട്ടെടുപ്പ് നടത്തപ്പെടേണ്ടിവരികയും ചെയ്തു. വോട്ടെടുപ്പിൽ വൈദിക ട്രസ്റ്റിയെ തെരഞ്ഞെടുക്കുവാനല്ലാതെ, മെത്രാൻ സ്ഥാനത്തേക്ക് ഒരു സ്ഥാനാർത്ഥി തെരഞ്ഞെടുക്കപ്പെടാനുള്ള വോട്ടുകൾ ലഭ്യമായതുമില്ല. അതിനാൽ അടുത്തുതന്നെ അസോസിയേഷൻ വിളിച്ചുകൂട്ടേണ്ട സാഹചര്യം സംജാതമായിരിക്കുകയാണ്. ഈ അവസരത്തിൽ ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിലേക്ക് ഒന്നു തിരിഞ്ഞു നോക്കുന്നത് അസ്ഥാനത്താകുകയുമില്ല.

സാധാരണ രാഷ്ട്രീയ തെരഞ്ഞെടുപ്പുകളിൽ ഉണ്ടാകാറുള്ള പ്രചരണം പോലെ സഭയിലെ സ്ഥാനങ്ങളിലേക്കും തെരഞ്ഞെടുപ്പു നടത്തപ്പെട്ടപ്പോൾ ഉണ്ടായതായി കണ്ടു. ആളും അർത്ഥവുമുണ്ടെങ്കിൽ ആർക്കും എന്തും ആകാമെന്നുള്ള ഒരു പ്രതീതിയാണ് അന്ന് അസോസിയേഷൻ ഗെയിറ്റിൽ കാണപ്പെട്ടത്. ട്രസ്റ്റി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട വൈദികനോട് വിശദീകരണം ആവശ്യപ്പെട്ട വിജ്ഞാപനവും തെരഞ്ഞെടുപ്പു കഴിഞ്ഞ ഉടനെ ഗെയിറ്റിൽ വിതരണം ചെയ്യപ്പെട്ടിരുന്നു! അസോസിയേഷൻ അംഗങ്ങൾക്ക് എത്രയെത്ര അഭ്യർത്ഥനകളാണ് പോസ്റ്റിൽ കിട്ടിയിരുന്നതു്. വോട്ട് ആവശ്യപ്പെട്ട് പല സ്ഥാനാർത്ഥികളും അനുയായികളോടുകൂടി കാറിൽ സഞ്ചരിച്ച് അസോസിയേഷൻ അംഗങ്ങളെ സമീപിക്കുകയും ചെയ്തിരുന്നു. അദ്ധ്യാത്മീ കാന്തരീക്ഷത്തിന്നനുചിതമായ പല പ്രചരണങ്ങളും നടത്തപ്പെട്ട ഒരു അസോസിയേഷനായിരുന്നു ഇക്കഴിഞ്ഞതെന്നു് ചരിത്രം രേഖപ്പെടുത്തുകയും ചെയ്തു. വൈദികർ വൈദിക സ്ഥാനത്തെ കളങ്കപ്പെടുത്തുന്ന പ്രചരണതന്ത്രങ്ങളിൽകൂടെ വൈദികസ്ഥാനങ്ങൾ കരസ്ഥമാക്കാമെന്ന വ്യാമോഹത്തിന്നടിമപ്പെട്ടവരായിത്തീർന്നെന്നു് വ്യക്തമാക്കപ്പെടുകയും ചെയ്തു. എന്നാൽ സർവ്വശക്തനായ ദൈവം മെത്രാൻ സ്ഥാനത്തേക്ക് യോഗ്യരായ ആരേയുംകാണുകയുംചെയ്തില്ല.

മെത്രാൻ സ്ഥാനത്തേക്ക് വീണ്ടും തെരഞ്ഞെടുപ്പ് നടത്തപ്പെടുമ്പോൾ അഞ്ചുപേരെ എങ്കിലും തെരഞ്ഞെടുത്തു് വാഴിക്കണം. അപ്പോൾ മെത്രാൻ തെരഞ്ഞെടുപ്പ് നടത്തപ്പെടാൻ അസോസിയേഷൻ കൂടേണ്ടിവരുന്നതിനുണ്ടാകാവുന്ന ഭാരിച്ച സാമ്പത്തിക നഷ്ടവും കഷ്ടപ്പാടുകളും വി. സഭയ്ക്കും, ഇടവകകൾക്കും ഒഴിവാക്കാൻ സാധിക്കും. കൂടുതൽ മെത്രാന്മാർ ഉണ്ടായാൽ ആവശ്യാനുസരണം ഭദ്രാസന ഭരണത്തിന് നിയോഗിക്കപ്പെടുകയും, ഭരണം ഇല്ലാത്തവർക്ക് ആത്മീയ സംഘടനകളുടെ ഭരണം നൽകുകയുംചെയ്യാം. ഭദ്രാസന ഭരണം ഉള്ളവരിൽനിന്നും ആത്മീയ സംഘടനകളുടെ ഭരണഭാരം ഒഴിവാക്കപ്പെടുന്നതാണ് നല്ലത്.

അടുത്ത തെരഞ്ഞെടുപ്പിന് പ്രചരണപരിപാടികൾ ഒഴിവാക്കപ്പെടാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആവശ്യത്തിലധികം സ്ഥാനാർത്ഥികൾ ഉണ്ടാകുകയും, അവരുടെ നാമനിർദ്ദേശ പത്രികകൾ സ്വീകരിക്കപ്പെടുകയും ചെയ്താൽ. ആ സ്ഥാനാർത്ഥികളെ പ. സുന്നഹദോസിലേക്ക് ക്ഷണിച്ച്, അവരിൽ ആരെങ്കിലും പിന്മാറുന്നുണ്ടെങ്കിൽ അതും കഴിഞ്ഞ്, സ്ഥാനാർത്ഥികളുടെ എണ്ണം ക്ലിപ്തപ്പെട്ടാൽ, തെരഞ്ഞെടുപ്പിന് മൂന്നാഴ്ച മുമ്പെങ്കിലും സ്ഥാനാർത്ഥികളുടെ ലഘുചരിത്രവും ചിത്രവും പ. സുന്നഹദോസ് തയ്യാറാക്കി എല്ലാ പള്ളികൾക്കും അയച്ചുകൊടുക്കുന്ന ഒരു പ്രചരണമല്ലാതെ മറ്റു വ്യക്തിപരമായ യാതൊരു പ്രചരണങ്ങളും നടത്തപ്പെടരുതെന്ന് സ്ഥാനാർത്ഥികൾക്ക് മുന്നറിയിപ്പു നൽകുന്നതു് നന്നായിരിക്കും. അസോസിയേഷനിൽ സ്ഥാനാർത്ഥികൾ സ്വയം പരിചയപ്പെടുത്തുകയും ചെയ്യാം. യാതൊരു സ്ഥാനാർത്ഥികളും അസോസിയേഷനിൽ വോട്ടെടുപ്പിന് മുമ്പ് പിന്മാറാനുള്ള അവസരം നൽകരുതു്. അസോസിയേഷൻ ഗെയിറ്റിൽ പ്രചരണം നിരോധിക്കപ്പെടുകയും വേണം.

മെത്രാൻ തെരഞ്ഞെടുപ്പിന് വോട്ടെടുപ്പ് വേണ്ടിവരികയാണെങ്കിൽ അസോസിയേഷനിൽതന്നെ വേണം. അസോസിയേഷൻ അംഗങ്ങൾക്ക് ആ ഒരു ചുമതല മാത്രമല്ലേ നിർവഹിക്കപ്പെടാനുള്ളു. സുന്നഹദോസും, മാനേജിംഗ് കമ്മറ്റിയും തെരഞ്ഞെടുക്കുന്നവരെ അസോസിയേഷൻ അംഗീകരിക്കുന്ന ഒരു പ്രക്രിയ അഭികാമ്യമല്ല. അതു് ഭരണഘടനാനുസൃതമായിരിക്കുകയുമില്ല. സ്ഥാനാർത്ഥികളെ സുന്നഹദോസും, മാനേജിംഗ് കമ്മറ്റിയും തെരഞ്ഞെടുക്കാനും പാടില്ല. ഏതു സ്ഥാനാർത്ഥികൾക്ക് വോട്ടു നല്കണമെന്ന് നിർദ്ദേശിക്കാനും പാടില്ല. സ്ഥാനാർത്ഥികൾ കൂടുതലുണ്ടെങ്കിൽ പ. സുന്നഹദോസിൽവെച്ച് പിന്മാറാനുള്ള അവസരം നൽകി വോട്ടെടുപ്പുകൂടാതെ കഴിക്കാൻ സാധിക്കുമോ എന്ന് ശ്രമിച്ചുനോക്കാമല്ലൊ.

—

---

ധ്യാനവേദി — **അദ്ധ്യായം ആറ്**

# ക്രിസ്താനുകരണം

## നല്ല മനസ്സാക്ഷിയുടെ സന്തോഷത്തെപ്പറ്റി

**തോമസ് എ. കെംപിസ്**

ഒരു നല്ല മനുഷ്യന്റെ മഹിമാവു്, സാക്ഷിയായി വർത്തിക്കുന്ന അവന്റെ മനസ്സാക്ഷിയാണ്. ഒരു നല്ല മനസ്സാക്ഷി നേടുക; എങ്കിൽ നിങ്ങൾക്ക് സദാ സന്തോഷമുണ്ടാകും. എന്തെന്നാൽ ഒരു നല്ല മനസ്സാക്ഷിക്ക് വളരെയേറെ സഹിക്കാൻ കഴിയുന്നു. പ്രതികൂലതയിൽ പോലും ആമോദിക്കുന്നു; എന്നാൽ ഒരു ദുഷ്ടമായ മനസ്സാക്ഷിയാകട്ടെ ഭയപൂർണ്ണവും അസ്വസ്ഥവുമാണ്. മനസ്സാക്ഷി നിങ്ങളെ വിധിക്കുന്നില്ലെങ്കിൽ നിങ്ങൾ പ്രശാന്തമായ വിശ്രാന്തി ആസ്വദിക്കും.

ശരിയായ കർമ്മത്തിലൂടെ മാത്രമേ നിങ്ങൾ സന്തോഷം അനുഭവിക്കൂ. ദുഷ്ടന്മാർ ഒരിക്കലും സത്യമായ സന്തോഷത്തെ സ്വായത്തമാക്കുന്നില്ല; മാത്രമല്ല തങ്ങളുടെ ഹൃദയങ്ങളിൽ ശാന്തിയെ അറിയുന്നുമില്ല. എന്തെന്നാൽ നാഥൻ പറയുന്നു- ക്ഷുഭിതരായവർക്ക് ശാന്തിയില്ല. അവർ ഇങ്ങനെ പറയുമ്പോൾ വിശ്വസിക്കരുതു്. ''നോക്കുക നമ്മളെത്ര അഭിവൃദ്ധിപ്പെട്ടവരാണ്. എങ്ങനെയാണ് നമ്മുടെമേൽ ദോഷം നിപതിക്കുക? ആരു് ധൈര്യപ്പെടും നമ്മെയാക്രമിക്കാൻ?'' –ദൈവകോപം അവർക്കെതിരെ പെട്ടെന്നുയരും; അവർ എന്തൊക്കെ ചെയ്തിട്ടുണ്ടോ അവയൊക്കെ പരിപൂർണ്ണമായും സംഹരിക്കപ്പെടും; അവരുടെ എല്ലാ പൂർവ്വനിശ്ചയങ്ങളും ശൂന്യമായിത്തീരും.

ക്രിസ്തുവിനെ സ്നേഹിക്കുന്നവന് യാതനകൾക്കുപരിപോലും മഹിതമാകുവാൻ പ്രയാസമില്ല; ഇത്തരം മഹത്വീകരണം നാഥന്റെ കുരിശിലെ മഹത്വീകരണമാണ്. മനുഷ്യർ നൽകുകയും നേടുകയും ചെയ്യുന്ന മഹത്വം ഒരിക്കലും ശാശ്വതമാകുന്നില്ല. എന്തെന്നാൽ ഈ ലോകത്തിന്റെ മഹത്വീകരണം എപ്പോഴും ദുഃഖത്തോടു് കണ്ണിചേർക്കപ്പെട്ടിരിക്കുന്നു.

വിവ: **പ്രൊഫ. കെ വി. തമ്പി**

## പതിനാറാം അദ്ധ്യായം തുടർച്ച

'ഒരുത്തൻ താമസംഒണ്ടെന്നാ ആനി പറഞ്ഞത്. അവന്റെ പെട്ടിയും പ്രമാണോമൊക്കെ അവിടെ ഇരിക്കുന്നതുകണ്ടു.'

'ആരാ, എവിടുത്തുകാരനാ, എങ്ങനെയുള്ളവനാ, ഇതു വല്ലതും അറിയാമോ?'

'അതൊന്നും എനിക്കറിഞ്ഞു കൂടാ, ഞാൻ—'

'നമ്മുടെ വീടെന്താ ഹോട്ടലാണോ? വരുന്നവനൊക്കെ ഉണ്ടു താമസിക്കാൻ? അവൻ അവിടുന്നു തന്നെയാണോ ശാപ്പാടു കഴിക്കുന്നത്?

'ഞാൻ ഇന്ന് ഇങ്ങോട്ട്...'

'ആ...അതും നെനക്ക് അറായത്തില്ലാരിക്കവല്ലോ. എന്നാൽ എനിക്കറിയാം. അവൻ അവിടെനിന്നുതന്നെയാ ഊണും തീററിയുമൊക്കെ!'

നേരത്തെ താൻ മനസ്സിൽ ഓർത്ത അതേ കാര്യങ്ങളൊക്കെ തന്നെയാണ് വല്യപ്പനും ആവർത്തിക്കുന്നത്.

'കല്യാണ പ്രായമായ ഒരു പെണ്ണുള്ള വീടല്ലേ? കൊറച്ചൂടെയൊക്കെ സൂക്ഷിച്ചില്ലെങ്കിൽ..തന്നെയുമല്ല. നാട്ടിലെ കൊള്ളാവുന്ന ഒരു വീട്ടിലാ, സ്വന്തം വീട്ടിലെന്നതുപോലെ ഇപ്പോഴ് ഞാൻ കഴിയുന്നതെന്ന് അവൻ കവലയിൽനിന്ന് ആരാണ്ടോട് പ്രസംഗിക്കുന്നതു കേട്ടു. അതു കേട്ടപ്പോഴ് എനിക്കൊരു വല്ലായ്മ തോന്നി. വേറെ കുഴപ്പമൊന്നുമില്ല. നമ്മുടെ കുടുംബത്തിന് ചേന്ന ഒരു നടപടിയല്ല അത്.'

ഒന്നു നിർത്തി, പെട്ടെന്ന് ഒരു വീണ്ടുവിചാരം ഉണ്ടായതുപോലെ വല്യപ്പൻ പറഞ്ഞു.

'അല്ലാ ഞാൻ പറഞ്ഞെന്നേയുള്ളു. നീ മറ്റൊന്നും വിചാരിക്കേണ്ട.'

അങ്ങനെ ആശ്വസിപ്പിച്ചെങ്കിലും ഇക്കാര്യത്തിൽ വല്യപ്പനും ശക്തമായ പ്രതിഷേധമുണ്ടെന്നു മനസ്സിലായി. കുറേ നേരംകൂടി അവിടെ വർത്തമാനം പറഞ്ഞ് ഇരുന്നു. പിന്നെ സന്ധ്യവരെ ബാഡ്മിന്റൻ കളിച്ചു. സന്ധ്യ കഴിഞ്ഞാണ് വീട്ടിലേക്കു മടങ്ങിയത്. അപ്പോഴ് ആന്റണി എന്ന മനുഷ്യനെ വീട്ടിൽനിന്ന് എങ്ങനെ ഒഴിവാക്കാം എന്നതിനെക്കുറിച്ചാണ് ആലോചിച്ചുകൊണ്ടിരുന്നത്.

—0—



# വഴിയറിയാതെ

**ജേക്കബ് കണ്ണന്താനം**

## പതിനേഴ്

വീടിനു താഴെ വന്നപ്പോഴേ കേട്ടു. ചായ്പിൽനിന്ന് ഹാർമോണിയം വായനയും പാട്ടും ഉയരുന്നു. അച്ചൻകുഞ്ഞാണ് പാടുന്നത്. ഒന്നാംതരം പാട്ട്. പക്ഷെ അത് കേട്ട് ആസ്വദിക്കാനുള്ള മാനസികാവസ്ഥ അല്ലായിരുന്നു അപ്പോഴത്തേത്. കുരുവിള വല്യപ്പൻ പറഞ്ഞ വാചകമാണ് അപ്പോഴും കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നത്.

'നമ്മുടെ കുടുംബത്തിനു ചേന്ന' ...

ദേഷ്യവും സങ്കടവും പതഞ്ഞുയരുന്ന മനസ്സോടെ ഓടിക്കയറിച്ചെന്ന് ചായ്പിന്റെ പലകമറയിൽ കൈചുരുട്ടി ഒരിടി ഇടിച്ചു. ശബ്ദംകേട്ട് വീട്ടിലുള്ളവരെല്ലാം ഞെട്ടികാണണം. ഏതായാലും പിടിച്ചു നിർത്തിയതുപോലെ പാട്ടു നിലച്ചു. എന്താണ് സംഭവിച്ചതെന്നറിയാൻ തകരവിളക്കും കൈയിലെടുത്ത് അച്ചൻകുഞ്ഞ് പുറത്തേക്കിറങ്ങി വന്നു. മുററത്തെ ഇരുട്ടിൽ കലിതുള്ളി നിൽക്കുന്ന ആളിനെ കണ്ട് അവൻ മന്ദഹസിച്ചു.

'കുഞ്ഞിച്ചായനാരുന്നോ? എന്തിനാ ഇരുട്ടത്തു നില്ക്കുന്നെ? ഇങ്ങോട്ടു കേറിവാ. ഞങ്ങള് ഇച്ചിരി സംഗീതം അടിക്കുവാരുന്നു!'

'ഓ....! ആരാ ഈ ഞങ്ങളെന്നു പറയുന്നത്?'

ഒന്നും അറിയാത്ത ഭാവത്തിലാണു ചോദ്യം.

'ഒന്ന് ഞാൻ, മറേറത് ആന്റണിച്ചേട്ടൻ. പള്ളിയുടെ പണിക്കു വന്നതാ.'

'വഴിയെ വരുന്നോനെ ഒക്കെ വിളിച്ചു വീട്ടിൽ കേററി താമസിപ്പിക്കാൻ നിന്നോടാരു പറഞ്ഞു?'

പെട്ടെന്നുള്ള ആ ചോദ്യത്തിന് ഒരു മറുപടി പറയാനാവാതെ അവൻ കുഴങ്ങി നിന്നുപോയി.

'അത്....അത്....'

'ഇതൊരു പഴേ കുടുംബമാ. കണ്ട തെണ്ടിക്കൊന്നും കേറി ഇരുന്നു നെരങ്ങാനുള്ള സത്രമല്ല! മനസ്സിലായോ?'

അതു കേട്ടപ്പോഴാണ് ആന്റണി പുറത്തേക്കിറങ്ങി വന്നത്. അച്ചൻകുഞ്ഞിന്റെ പിറകിൽ നിന്നുകൊണ്ട് അയാൾ ചോദിച്ചു.

'ഇങ്ങേരാണോ കുഞ്ഞ്? ഡോക്ടർ പരീക്ഷയ്ക്കു പഠിക്കുന്ന...'

'അതെ.'

അച്ചൻകുഞ്ഞ് ശബ്ദം താഴ്ത്തി പറഞ്ഞു. അവന്റെ കൈയിലിരിക്കുന്ന വിളക്കിന്റെ വെളിച്ചത്തിൽ ആന്റണിയുടെ മുഖം വ്യക്തമായും കണ്ടു. കുറെ പ്രായമുള്ള ആളായിരിക്കും ആന്റണി എന്നാണ് കരുതിയത്. പക്ഷെ ആൾ വളരെ ചെറുപ്പം. ഏറിയാൽ മുപ്പതു വയസ്സ് പ്രായം. ചുരുണ്ട മുടി, തേൾവാലൻ മീശ, കൃതാവ്, കൈയില്ലാത്ത ബനിയനും മുണ്ടും വേഷം. അസ്സലൊരു നാടകക്കാരന്റെ മട്ടും പ്രകൃതവും.

'കുഞ്ഞിനെ ഞാൻ ആദ്യം കാണുകാ. കേറി വന്നാട്ടെ. ഇവിടെ വെളിച്ചത്തിരുന്ന് വർത്തമാനം പറയാം.'

ആംഗ്യങ്ങളോടെ അയാൾ വിളിക്കുന്നതു കേട്ടപ്പോൾ പിന്നെയും കോപമാണു തോന്നിയത്. പല്ലു ഞെരിച്ചുകൊണ്ടു പറഞ്ഞു.

'എന്റെ വീട്ടിലേക്കു കേറണോ കേറണ്ടായൊന്നു തീരുമാനിക്കാൻ എനിക്കറിയാം. തന്റെ ഔദാര്യമൊന്നും വേണ്ട.'

'കുഞ്ഞിച്ചായനെന്തിനാ വെറുതെ ചൂടാകുന്നത്? അതിനും മാത്രം ഇവിടെ എന്താ ഒണ്ടായത്?'

അച്ചൻകുഞ്ഞ് ഇടക്കു കയറി.

'നീയാണോ ഇയ്യാളെ ഇവിടെ കേററി താമസിപ്പിച്ചിരിക്കുന്നത്?'

'അതെ. അതുകൊണ്ടെന്താ ഇപ്പം പററിയത്?'

'പററിയത്......നാട്ടുകാര് അതുമിതുമൊക്കെ അനാവശ്യം പറയാൻ തൊടങ്ങി. അതു തന്നെ കാര്യം!'

'എന്റെയൊരു കൂട്ടുകാരൻ എന്റെ വീട്ടിൽ താമസിക്കുന്നതിന് നാട്ടുകാർക്കെന്താ ചേതം?'

'നാട്ടുകാർക്കല്ല, വീട്ടുകാർക്ക് ചേതമുണ്ടെങ്കിലോ. കുരുവിള വല്യപ്പൻ ഇതെപ്പററി ചോദിച്ചപ്പം എനിക്കു മറുപടി ഇല്ലായിരുന്നു.

'വീട്ടുകാരടേം കുടുംബക്കാരടേമൊക്കെ മുഴുപ്പ് എനിക്കും അറിയാം കൊറെ. നമ്മുടെ അപ്പൻ ചത്തപ്പം, അപ്പൻ കാശു കൊടുക്കാനൊണ്ടെന്ന് കള്ളക്കണക്കെഴുതി കാണിച്ച് രൂപാ തിരിച്ചു മേടിച്ച ആൾക്കാരല്ലേ? എന്നാൽ പാവങ്ങള് എങ്ങനെയേലും കഴിഞ്ഞോട്ടേന്നല്ല. അപ്പഴും കതിരകേറാൻ വരികാ. കുഞ്ഞിച്ചായനു് അറിയാമോ, ഞാൻ ഈ മനുഷ്യന്റെ കൂടെ പണിക്കു ചെല്ലുന്നതിന് എതിർപ്പൊള്ളവരാ നമ്മുടെ കുടുംബക്കാര്. അവന് പണി അറിയാമോ, അവന് ഒരാളിന്റെ കൂലി കൊടുത്താൽ മുതലാകുമോ, എന്നൊക്കെയാ നമ്മുടെ ചീരക്കാട്ടെ പീലിപ്പോച്ചായൻ ചോദിച്ചത്!'

'അതൊന്നും എനിക്ക് അറിയേണ്ട. ഇയ്യാളെ ഇപ്പം ഇവിടെനിന്നെറക്കി വിടണം! ഇനി ഒരൊററ ദിവസം ഇയ്യാളെ ഇവിടെ താമസിപ്പിക്കാൻ ഞാൻ സമ്മതിക്കുവേല!'

'എന്ന് അങ്ങ് തീർത്തു പറയാതെ! കുഞ്ഞിച്ചായനു് ഒള്ള പോലെ ഒരവകാശം എനിക്കും ഒണ്ട് ഈ വീട്ടില്! എന്റെ ഒരു കൂട്ടുകാരനെ ചെലപ്പം ഞാനിവിടെ താമസിപ്പിച്ചെന്നിരിക്കും!'

'എന്റെ അനുവാദം കൂടാതെയോ?'

'അതിനിപ്പം എനിക്ക്, കുഞ്ഞിച്ചായന്റെ അനുവാദമൊന്നും വേണമെന്നില്ല. അങ്ങനെയെങ്കിൽ കുഞ്ഞിച്ചായന്റെ

ന്നും കേറിഇരുന്നു നിരങ്ങാനുള്ള സത്രമല്ല ഇതെന്ന്. അതു മോശമായിപ്പോയി. കാരണം, ഞാൻ തെണ്ടിയല്ല! ഞാനുമൊരു കുടുംബക്കാരൻ തന്നെയാ. ജീവിക്കാൻ വേറെ മാർഗ്ഗം ഇല്ലാത്തതുകൊണ്ട് ഈ പണി പഠിച്ചു. ഇവിടെ വന്നു അച്ചൻകുഞ്ഞിനെ പരിചയപ്പെട്ടു. തല ചായ്ക്കാൻ ഒരിടം അന്വേഷിച്ചപ്പോ അച്ചൻകുഞ്ഞു തന്നെയാ ഇവിടെ താമസിക്കാമെന്നു പറഞ്ഞത്. ഇവിടത്തെ അമ്മച്ചിയോട് അനുവാദം ചോദിച്ചു. എതിരൊന്നും പറയാതിരുന്നതുകൊണ്ട് ഇവിടെ താമസം തൊടങ്ങി. ഇതുവരെ എന്റെ ഭാഗത്തുനിന്ന് ഒരു വൃത്തികേടോ കൊള്ളരുതായ്മയോ ഉണ്ടായിട്ടൊണ്ടോന്ന് അമ്മച്ചിയോടോ, ഇവിടെ വേറെ ആരോടെങ്കിലുമോ ഒന്ന് ചോദിച്ചു നോക്ക്. എനിക്കുമുണ്ട് അമ്മയും പെങ്ങന്മാരുമൊക്കെ. പിന്നെ, ഇവിടെ താമസിച്ചോട്ടേന്ന് ഞാൻ കുഞ്ഞിനോട് അനുവാദം ചോദിച്ചില്ല. അത് എന്റെ പേരിലുള്ള ഒരു തെററാ. അതിന് വേണ്ടിവന്നാൽ ഞാൻ ക്ഷമ ചോദിച്ചേക്കാം!'

തൊണ്ട ഇടറിക്കൊണ്ടാണ് ആന്റണി പറഞ്ഞ് അവസാനിപ്പിച്ചത്. മൂകമായ നിമിഷങ്ങൾ കുറെയേറെ കടന്നുപോയി. ആരും ഒന്നും മിണ്ടുന്നില്ലെന്നു കണ്ടപ്പോൾ അയയിൽ കിടന്ന ഷർട്ടും മുണ്ടും എടുത്തു മടക്കിക്കൊണ്ട് ആന്റണി ചോദിച്ചു.

'ഈ രാത്രികൂടെ ഞാനിവിടെ കഴിഞ്ഞോട്ടെ കുഞ്ഞേ? നാളെ അതിരാവിലെ തന്നെ ഞാൻ പൊയ്ക്കോളാം!

'പോരാ ഈ നിമിഷംതന്നെ നിങ്ങൾ ഇവിടെനിന്ന് ഇറങ്ങിത്തരണം,' എന്ന് പറയാൻ ഒരുങ്ങി വന്നപ്പോഴേക്കും അമ്മ ഇടക്കു കയറി പറഞ്ഞു.

'നീ അവിടെയെങ്ങാനും ചുമ്മാതിരിയെടാ എന്റെ ആന്റണീ. വിവരമില്ലാത്ത ചെറുക്കൻ വല്ലതും പറഞ്ഞെന്നു വച്ച്...'

ഒരു കൂട്ടുകാരൻ പലതവണ ഇവിടെ വന്നു താമസിച്ചിട്ടൊണ്ടല്ലോ. അത് എന്നോട് അനുവാദം ചോദിച്ചിട്ടായിരുന്നോ?'

'ആഹാ നീ തക്കത്തരം പറയാറായോ? എന്റെ കൈയ്യീന്ന് തല്ലു വാങ്ങിക്കരുത്!'

'കാര്യത്തിന് തല്ലിയാൽ ഒന്നോ രണ്ടോ കൊണ്ടെന്നിരിക്കും. അല്ലാതെ തല്ലിയാ ചെലപ്പം....'

'നീ തിരിച്ചടിക്കുമോ? നീ തിരിച്ചടിക്കുമോടാ!?'

അഴിഞ്ഞു വീണ മുണ്ട് മടക്കിക്കുത്തിക്കൊണ്ട് തല്ലാൻ തന്നെയാണ് ചായ്പിലേക്ക് ചാടിക്കയറിച്ചെന്നത്. പക്ഷെ പെട്ടെന്ന് അച്ചൻകുഞ്ഞിനെ ആന്റണി പിടിച്ചു മാററിക്കളഞ്ഞു.

'കർത്താവേ! ഈ കുഞ്ഞുങ്ങൾക്കെന്താ?' എന്നു ചോദിച്ചുകൊണ്ട് അമ്മ വന്ന് തന്റെ കൈയ്യും പിടിച്ചു.

കുറെ നേരത്തെ നിശ്ശബ്ദതക്കു ശേഷം ആന്റണി പറഞ്ഞു.

'എന്റെ പേരിൽ നിങ്ങൾ വെറുതെ വഴക്കു പിടിക്കേണ്ട കാര്യമില്ല. ഞാൻ പൊയ്ക്കോളാം. പക്ഷെ മുമ്പെ കുഞ്ഞ് പറഞ്ഞല്ലോ കണ്ടതെണ്ടിയ്ക്കൊ

'വിവരമില്ലാത്ത ചെറുക്കനോ?'

ആന്റണി വിഷമത്തോടെ ചിരിച്ചു.

'നാളെ ഡോക്ടറാകാൻ പോകുന്ന ആളാ. പോരെങ്കിൽ ഇവിടുത്തെ മൂത്തയാളല്ലേ കുഞ്ഞ്?'

'ഓ; മൂത്തതും എളേതും! ഇവിടെ ഇപ്പം ഞാൻ കഴിഞ്ഞിട്ടൊള്ള മൂത്തതും എളേതുമൊക്കെയേഒള്ളൂ! ഞാൻ പറഞ്ഞിട്ട് നീ ഇവിടെ താമസിച്ചു. ഞാൻ പറയുമ്പം നീ പൊയ്ക്കൊണ്ടാമതി!'

അമ്മയുടെ വെട്ടിത്തുറന്നുള്ള ആ മറുപടി തന്നെ ആകെ ക്ഷീണിപ്പിച്ചുകളഞ്ഞു. കോപവും, സങ്കടവും; നാണവും കടിച്ചമർത്തി ആരുടെയും മുഖത്തുനോക്കാതെ, ആരോടും ഒന്നും ഉരിയാടാതെ അകത്തെ മുറിയിൽ കയറി പായ്പോലും നിവർക്കാതെ കട്ടിലിൽ കയറിക്കിടന്നു. അമ്മ പലതവണ അത്താഴം ഉണ്ണാൻ വിളിച്ചിട്ടും എഴുന്നേൽക്കാൻ കൂട്ടാക്കിയില്ല. ഒടുവിൽ തങ്കമ്മ വന്നു തൊട്ടു വിളിച്ചപ്പോൾ അവളുടെ കൈ തട്ടിമാററിയിട്ട് തിരിഞ്ഞുകിടന്നു.

(ശേഷം 4-ാം പേജിൽ)



# ശാന്തി നക്ഷത്രം

## പന്ത്രണ്ട്

**തുളസി കോട്ടുക്കൽ**

രണ്ടു ദിവസം ഇഴഞ്ഞുനീങ്ങി. രണ്ട് ദിവസമായ അന്തരീക്ഷം കറുത്തിരുണ്ടു കിടക്കുകയായിരുന്നു. പെട്ടെന്ന് ഇസ്രേലിന്റെ അന്തരീക്ഷത്തിൽ പൊടിക്കാററ് നിറഞ്ഞു. ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടി. അന്നത്തെ രാത്രിയിൽ അത് സംഭവിച്ചു.

കാററും വെള്ളിടിയും പതുക്കെയാണ് തുടങ്ങിയത്. ആദ്യം ചെറിയ ഒരു കാററായിരുന്നു. കാററിന്റെ ശക്തികൂടി. പ്രളയമേഘങ്ങൾ ആകാശത്ത് ഉരുണ്ടുകൂടി.

ഇസ്രേലിൽ ജനം ഉണർന്നു. അവർ പുറത്തു നടക്കുന്ന താണ്ഡവം ശ്രദ്ധിച്ചു. അവർ ഭയന്നു. കിടുകിടെ ജനം വിറയ്ക്കാൻ തുടങ്ങി.

കാററിന്റെ ശക്തിക്കൊപ്പം ഒരു ശബ്ദം അവിടെല്ലാം ഒഴുകിപരന്നു.

ഇസ്രേൽഗൃഹം വീഴാൻ തുടങ്ങുന്നു.

ആമോസിന്റെ ശബ്ദം. അവർ പിറുപിറുത്തു.

കാരാഗൃഹത്തിലടച്ച ആമോസിന്റെ ശബ്ദം. ഓരോരുത്തരുടെയും ചെവിയിലും ആ ശബ്ദം ആഞ്ഞടിച്ചുകൊണ്ടിരുന്നു. ആ ശബ്ദം കേട്ട് അവർ ഞെട്ടിപ്പിടഞ്ഞു.

ഈ സമയം കാരാഗൃഹത്തിൽ ആമോസ് ഉണർന്നിരിക്കുകയായിരുന്നു. കാരാഗൃഹത്തിന്റെ വാതായനത്തിൽ ആമോസ് വന്നു. അദ്ദേഹം പുറത്തേക്കു നോക്കി. അന്തരീക്ഷം തിമിർക്കുന്ന കനത്ത കാററ്. പെട്ടെന്ന് ഒരശരീരി മുഴങ്ങി. ആമോസിനു മാത്രം കേൾക്കാവുന്ന ശബ്ദമായിരുന്നു അത്.

'ആമോസ് നിന്റെ വാക്കുകൾ ഇസ്രേൽ ജനത കേട്ടില്ല. ഞാൻ അവരെ ശിക്ഷിക്കാൻ പോകുന്നു'.

പെട്ടെന്ന് വെള്ളിടി മുഴങ്ങി

ആകാശത്ത് മിന്നൽ ചിതറി. അന്തരീക്ഷം തീക്കനൽ വാരിവിതറി.

ഇസ്രേലിനു ആപത്ത്!
ഇസ്രേലിനു ആപത്ത്.

വീടുകൾ കാററിൽ ഇളകി പറന്നു. മിന്നലിന്റെ തീകാററിൽ പൈൻ മരങ്ങൾ കരിഞ്ഞു. മഴ വീഴാൻ തുടങ്ങിയതോടെ വൃക്ഷങ്ങൾ കടപുഴകി വീഴാൻ തുടങ്ങി. വീടുകളുടെ പുറത്തുവീണ വന്മരങ്ങൾ അനേകം ജീവനൊടുക്കി.

ഇസ്രേലിലെ ജനങ്ങൾ യഹോവയെ വിളിക്കാൻ തുടങ്ങി.

അവർ ഓടി പുറത്തിറങ്ങി. കയ്യിൽ കിട്ടിയ സാധനങ്ങളുമായി പ്രമാണിമാരും മദ്യമേളക്കാരും ഓടി. അവർ ബഥേൽ ദേവാലയത്തിൽ എത്തി. യഹോവയെ വിളിച്ചു അവർ കരഞ്ഞു. പക്ഷേ–

യഹോവ കോപിച്ചിരിക്കുകയായിരുന്നു. ആ കോപം പ്രകൃതിയോട് കല്പിച്ചു. ബഥേൽ ദേവാലയത്തിലെ തൂണുകൾ തകർക്കുക. പെട്ടെന്ന് ഭൂമി കുലുങ്ങാൻ തുടങ്ങി. ബഥേൽ ദേവാലയത്തിന്റെ തൂണുകൾ തകന്നു. അതിനടിയിൽ പെട്ട് ശേഷിച്ചിരുന്ന ദുഷ്ടർ മരിച്ചു.

രാത്രിയുടെ നിശബ്ദതയിൽ ഇസ്രേൽ തകർന്നു കൊണ്ടിരുന്നു. യോബെയാമും കൂട്ടരും ഓടിപോയി.

ഇതെല്ലാം കണ്ടുകൊണ്ട് കാലത്തിനു മുന്നിൽ ഒരു മൂകസാക്ഷിയായി ആമോസ് നിന്നു.

പ്രഭാതം പുതിയ മുഖവുമായി വന്നു.

ആമോസ് പറഞ്ഞത് ഒത്തിരിക്കുന്നു. കുറേബാക്കിയാവയർ പറഞ്ഞു. ആമോസ് പ്രവാചകനാണ്. ആമോസ് പ്രവാചകൻ. ഇസ്രയേൽ വീണിരിക്കുന്നു. അവന്റെ വാക്കുകൾ ഒത്തു. അന്നു നമ്മൾ കരഞ്ഞു. അവൻ യഹോവയുടെ സാക്ഷ്യം വെളിപ്പെടുത്താൻ വന്നവൻ. യാഹോവ ശിക്ഷിച്ചിരിക്കുന്നു. എല്ലാവരും ദുഃഖിതർ. സ്വന്തക്കാർപോയി. ബന്ധുക്കൾപോയി. ഇനി നമുക്കാരുമില്ല യഹോവയ്ക്കു വേണ്ടി ഇനി നമുക്ക് പ്രാർത്ഥിക്കാം. യാഗം ചെയ്യാം.

ആമോസ് പറഞ്ഞിരിക്കുന്നത് ഓർക്കുക.

ജീവിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ. അവർ യഹോവയ്ക്കു വേണ്ടി പ്രാർത്ഥിക്കുക. രക്ഷപ്പെടും.

ആകാശത്ത് നിന്ന് ഒരു ഗാനം ഒഴുകി പരന്നു.

ആമോസ് തെരഞ്ഞെടുത്ത എന്റെ ദാസൻ കുഞ്ഞാടുകൾക്ക് നേർവഴി നയിക്കാൻ വന്ന നല്ല ഇടയൻ. അവൻ പറഞ്ഞതുപോലെ ചെയ്യു.

പ്രഭാതത്തിൽ കിളികൾ പറന്നു നടന്നു.

അവർ പുകഴ്ത്തി.

ആമോസ് നല്ല ഇടയൻ. നമ്മുടെ പ്രവാചകൻ. ആമോസ് പ്രവാചകൻ!!.

(തുടരും)

---

വഴിയറിയാതെ ...

(3–ാം പേജിൽനിന്നും തുടർച്ച)

'എന്റെ കുഞ്ഞേ നീവന്ന് അത്താഴം ഉണ്ണ്, പട്ടിണികിടക്കാൻമാത്രം ഇവിടെ ഒന്നും ഉണ്ടായിട്ടില്ല!'

അവൾ പിന്നെയും നിർബന്ധിച്ചു.

'ഞാൻ പട്ടിണി കെടന്നാൽ ആർക്കാ നഷ്ടം? നിങ്ങൾക്ക് ഊട്ടാനും തീററാനും വേറെ ആളല്ലേ ഒള്ളത്?'

ആൻറിണിയോടും, അമ്മയോടും, ഈ ലോകത്തോടു മുഴുവനുമുള്ള പ്രതിഷേധവും ദേഷ്യവും അവളുടെ നേർക്ക് തീർക്കുകയായിരുന്നു.

'എങ്ങാണ്ടുനിന്ന് വന്നിട്ടില്ലേ ഒരുത്തൻ! അവൻ പോരെങ്കിൽ മുററത്ത് ഒരു ബോർഡ് എഴുതിതൂക്ക്, അപ്പം പുറത്തുനിന്നൊക്കെ ആളുവന്നോളും!'

'എന്തിന്?'

'എന്തിനെന്നോ? ഇപ്പം എന്തവാ ഇവിടെ നടക്കുന്നത്? നാണമൊണ്ടോ അമ്മയ്ക്കും മകൾക്കും? വൃത്തികെട്ട വക!'

'അപ്പം നീ പറഞ്ഞുവരുന്നത്?'

തങ്കമ്മയുടെ ശബ്ദത്തിന് സാമാന്യത്തിലധികം ഗൗരവം ഉണ്ടായിരുന്നു.

'പറഞ്ഞുവരുന്നത് അതുതന്നെ, ആൻറണി ഇവിടെ തമ്പടിച്ചിരിക്കുന്നത് നിന്നെ..! എന്നെക്കൊണ്ട് അധികം പറയിക്കരുത്.

'എടാ .......!!!'

ഒരു സഹോദരി ഒരിക്കലും ഒരു സഹോദരനെ വിളിക്കരുതാത്ത പദമാണ് അവൾ അപ്പോൾ പ്രയോഗിച്ചത്.

'നീ – നീ ഇതു പറയണമെടാ! നീതന്നെ ഇതു പറയണം!'

തങ്കമ്മയുടെ കണ്ഠം ഇടറി. ഒരു നിമിഷത്തേക്ക് പറയാൻ വാക്കുകളില്ലാതെ അവൾ നിന്നു ജ്വലിച്ചു. പിന്നെ ഒരു വരണ്ട ചിരിയോടെ തുടർന്നു.

'ശരിയാ. അയാള് ഇവിടെ ചുററുന്നത് നീ പറഞ്ഞതിനുതന്നെ ആണെന്നുവച്ചോ. പക്ഷേ അതിന്റെ കാരണക്കാരൻ നീ തന്നെയാ!'

'ഞാനോ?'

അവിശ്വസനീയമായ ഒരു വാർത്തകേട്ടതുപോലെ പെട്ടെന്ന് എഴുന്നേററിരുന്നു.

'ആ–നീ തന്നെ. നിനക്ക് നീയാണു വലുത്. നിനക്ക് പഠിക്കണം: നിനക്ക് സുഖിക്കണം. നിനക്കു മാനക്കേട് വരരുത്. എന്നാൽ മററുള്ളവരോ? അവരെപ്പററി ലേശമെങ്കിലും വിചാരമുണ്ടോ നിനക്ക്? ഉണ്ടെങ്കിൽ നീ ഇപ്പം ഇതു പറയത്തില്ല!'

'ഞാൻ പറയുന്നതാ കുററം. നാട്ടുകാരു് പറയുന്നതിന് ..'

'നാട്ടുകാരു് പറഞ്ഞാലും നീ ഇതു പറയരുതായിരുന്നു. നിനക്ക് അറിയാമോ ഇവിടെ ഓരോ ദിവസവും കടത്തിവിടുന്നത് എങ്ങനെയാണെന്ന്? നിനക്ക് കാശിന് ആവശ്യം വരുമ്പോൾ ചീരക്കാട്ട ചെല്ലണം കൈനീട്ടണം! പോരാത്തത് ഇവിടെനിന്നെടുക്കണം. ഇഷ്ടംപോലെ ചെലവാക്കണം! പക്ഷെ ഇവിടെയുണ്ട് കൊറെപ്പേരു്. എങ്ങാണ്ടുനിന്നു വന്ന ഒരുത്തനെ വീട്ടിൽ കേററി താമസിപ്പിച്ചിരിക്കുന്നതും, അവനു് വച്ചുവിളമ്പി കൊടുക്കുന്നതും, പാത്രം കഴുകുന്നതുമൊന്നും അത്ര സന്തോഷവും തൃപ്തിയും ഉണ്ടായിട്ടല്ല.

അപവാദവും അപഖ്യാതിയും ഉണ്ടാകുമെന്ന് അറിയാൻ വയ്യാഞ്ഞിട്ടുമല്ല. ശാപ്പാടു കഴിക്കുന്നതിനും, ചായ്പിനകത്തു താമസിക്കുന്നതിനും ഹോട്ടലിൽ കൊടുക്കുന്നതുപോലെ അയാള് കാശു തരുന്നൊണ്ട്. അത് ഞങ്ങൾക്ക് ഇവിടെ ഒരു വല്യ കാര്യമായിട്ടാ തോന്നുന്നത്. ഉറുമ്പിന് കിട്ടുന്നവററുപോലെ! അതുപോലും ഇല്ലാതാക്കി ഞങ്ങളെ പട്ടിണി കിടത്തണമെന്നാ നിന്റെ വിചാരമെങ്കിൽ അയാളെ പറഞ്ഞുവിട്ടേരു്! പക്ഷെ നീ മുമ്പെ പറഞ്ഞതുപോലെയൊന്നും ഇവിടെ സംഭവിച്ചിട്ടില്ല. ഇതുവരെ. ഇനിയൊട്ടു സംഭവിക്കുമെന്ന് നീ പേടിക്കുകയും വേണ്ട! എന്നെ സൂക്ഷിക്കാൻ എനിക്കറിയാം!'

അവൾ പറഞ്ഞുനിർത്തിയതും പൊട്ടിക്കരഞ്ഞതും ഒരുമിച്ചായിരുന്നു.

ജാള്യതതോന്നി. വടികൊടുത്ത് അടിമേടിച്ചതുപോലെയുള്ള അസ്വസ്ഥത! രക്തം ഉറഞ്ഞുപോകുന്നതുപോലെ ഒരു തോന്നൽ. എന്തുപറഞ്ഞാണ് ഇനി അവളെ ഒന്നാശ്വസിപ്പിക്കുക? ഒന്നും പറയാനില്ല. 'നാക്കേൽ പുഴുത്താൽ നുണഞ്ഞിറക്കുക' തന്നെ.

പക്ഷെ, 'എന്നെ സൂക്ഷിക്കാൻ എനിക്കറിയാം' എന്ന് ചങ്കൂററത്തോടെ വീമ്പിളക്കിയവൾ പിന്നീട്

ആനിയുടെ പകുത്തുബുക്കിലെ ഒരുഷീററു കടലാസിൽ തങ്കമ്മ എഴുതിവച്ചിരുന്നു.....

.....ചെയ്യാത്ത കുററത്തിന് ശിക്ഷ അനുഭവിക്കേണ്ടിവരുന്നതു് മഹാ സങ്കടം തന്നെ! അനുഭവിച്ചു കഴിഞ്ഞെങ്കിലേ അതിന്റെ രൂക്ഷത എത്രയെന്ന് ബോദ്ധ്യം വരു. നാട്ടുകാരുടെ ദൃഷ്ടിയിൽ ഞാൻ ഇപ്പോൾ ആൻറണിയുടെ ഭാര്യയാണ്! അതിൽ സത്യമൊന്നും ഇല്ലെന്ന് ഇനി എത്ര ശ്രമിച്ചാലും തെളിയിക്കാൻ കഴിയുമെന്നും തോന്നുന്നില്ല. കുഞ്ഞുപോലും അത് പരമാർത്ഥമാണെന്ന് വിശ്വസിച്ച് എന്നെ കുററപ്പെടുത്തിയതായിരുന്നല്ലോ. പെണ്ണിന്റെ സല്പേരു് ഒരു പളുങ്കുപാത്രമാണ്. ഒരിക്കലെങ്കിലും അതിലൊരു പോറൽവീണാൽ പിന്നെ കുപ്പക്കുഴിയിലേക്ക് എറിയാനല്ലാതെ അതുകൊണ്ട് എന്തുപ്രയോജനം? അതുകൊണ്ട്, എനിക്കൊരു ജീവിതം കിട്ടിയേക്കുമെന്നുള്ള പ്രത്യാശയോടെ ഞാൻ ആൻറണിയോടൊപ്പം സ്ഥലം വിടുകയാണ്! ഞങ്ങളെ അന്വേഷിച്ച് ആരും അലയരുതെന്ന് ഒരപേക്ഷയുണ്ട്. പണയം വച്ചിരിക്കുന്ന എന്റെ മാലയും കമ്മലും എന്നെങ്കിലും തിരിച്ചെടുക്കാൻ കഴിഞ്ഞെങ്കിൽ അത് ആനിക്ക് കൊടുക്കണം! എന്നെ എന്നെന്നേക്കുമായി മറന്നേക്കുക....

(തുടരും)

ഫാ. ഇ. ജെ. എബ്രഹാം

# പരുമല കൊച്ചുതിരുമേനി

മരണശേഷം ആത്മലോകത്തിൽ ആത്മാക്കൾ ജീവിക്കുന്നില്ലെങ്കിൽ സ്നേഹത്തിന്റെയും കരുണയുടെയും ദൈവം ഏതൊരു മനുഷ്യനെക്കാളും കൂടുതൽ ക്രൂരനായ ഒരു ജീവിയാണെന്നുള്ള അഭിപ്രായത്തിൽ ഞങ്ങൾ രണ്ടുപേരും യോജിച്ചിരുന്നു' 'മരിക്കുന്നതു് എനിക്കു ലാഭം എന്നു പറഞ്ഞുകൊണ്ടു് കർത്താവിനോടുകൂടി അടുത്തു സംസർഗ്ഗം ചെയ്യുവാൻ ആകാംക്ഷയോടുകൂടിയിരുന്ന പൗലൂസ് അപ്പസ്തോലനെ യാതൊന്നും അറിവാൻ പാടില്ലാത്ത അവസ്ഥയിൽ കുറെ നാളത്തേക്കു് ഇട്ടടച്ചേക്കുമെന്നു് പറയുന്നതിനേക്കാൾ യുക്തിഹീനമായൊ, അക്രൈസ്തവമായൊ വേറെ എന്താണു് പറയുവാനുള്ളതു്? മരിക്കുന്നതിനു് മുമ്പും മൂന്നാമത്തെ സ്വർഗ്ഗംവരെയും എടുത്തുകൊള്ളപ്പെട്ടു്, കർത്താവുമായി സംസർഗ്ഗം ചെയ്ത വി: അപ്പസ്തോലനെ അപ്രകാരമുള്ള സംസർഗ്ഗത്തിനു നിവൃത്തിയില്ലാത്തവണ്ണം, സുബോധമില്ലാത്ത അവസ്ഥയിൽ ഇട്ടേക്കുമെന്നു പറയുന്നതിനേക്കാൾ മൌഢ്യമായി വേറെ എന്താണുള്ളതു്? ഇങ്ങിനെ എങ്കിൽ പൗലൂസ് അപ്പസ്തോലൻ മരിക്കാനാഗ്രഹിക്കുമോ? മരിച്ചുകഴിഞ്ഞാൽ കർത്താവുമായി കുറെക്കൂടി അടുത്തു സംസർഗ്ഗം ചെയ്യുവാൻ സാധിക്കുമെന്നുള്ളതുകൊണ്ടാണു് തീർച്ചയായും അദ്ദേഹം മരിപ്പാനാഗ്രഹിച്ചതെന്നു് സാമാന്യ ബുദ്ധിയുള്ള ഏവരും സംശയമെന്യേ സമ്മതിക്കാതിരിക്കയില്ല. ധനവാന്റെയും ലാസറിന്റെയും മരണാനന്തര ജീവിതത്തെക്കുറിച്ചു കർത്താവു കല്പിച്ചതും ഈ സന്ദർഭത്തിൽ ചിന്തനീയമാണു്.

തെക്കെ ആഫ്റിക്കൻ യുദ്ധത്തിൽ മരിച്ചുപോയ ആളുകളുടെ ആത്മാക്കൾക്കുവേണ്ടി പ്രാത്ഥിക്കണമെന്നു് കാന്റർബറി ആർച്ചുബിഷോപ്പ് (Arch Bishop Temple) ഒരു കല്പന പുറപ്പെടുവിക്കയുണ്ടായി. 'ക്രിസ്ത്യാനികളായ പരേതരുടെ ആത്മാക്കൾക്കു ക്രമാഗതമായ വളർച്ച ലഭിച്ചുകൊണ്ടിരിക്കയാണു്'' എന്നു് ഇംഗ്ളണ്ടിലെ പ്രധാനമന്ത്രിയായിരുന്ന മി. ഗ്ലാഡ്സ്റ്റൺ (Mr. Cladstone) അദ്ദേഹത്തിന്റെ ഒരു കൃതിയിൽ (Festimony to the Catholic faith's P. 13) പ്രസ്താവിച്ചിരിക്കുന്നു. മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന (Prayer for the dead) എന്നു പറയുന്നതുതന്നെ തെററാണെന്നു് ഒരു മഹാൻ അഭിപ്രായപ്പെടുന്നു. 'വാങ്ങിപ്പോയവർക്കു വേണ്ടിയുള്ള പ്രാർത്ഥന' എന്നോ, ശരീരത്തിൽനിന്നുള്ള വേർപാടിന്റെ ശേഷം ജീവനോടിരിക്കുന്ന ആത്മാക്കൾക്കു വേണ്ടിയുള്ള പ്രാത്ഥനയെന്നോ പറയുന്നതാണുത്തമമായിട്ടുള്ളതു്. 'മരിച്ചുപോയവർക്കുവേണ്ടിയുള്ള പ്രാത്ഥന' എന്നു പറയുന്നതുകൊണ്ടു് വിവക്ഷിക്കുന്നതിതാണെങ്കിലും ആ പദപ്രയോഗത്തിനു സ്വല്പം ന്യൂനതയുണ്ടെന്നേ മാത്രമേ പറയുന്നുള്ളു. ഒരു കുഞ്ഞു് ഒരു ക്രിസ്തീയമാതാവിന്റെ ഗർഭത്തിൽ ആയിരിക്കുന്ന സമയത്തു് മാതാപിതാക്കന്മാർ അതിനുവേണ്ടി പ്രാത്ഥിക്കുന്നതിൽ തെററില്ലെന്നും, ഈ ലോകത്തിലേക്കു് ആ കുഞ്ഞിനെ പ്രസവിക്കുന്ന സമയംമുതൽ അതു വളന്നു് അതിന്റെ അന്ത്യശ്വാസം വലിക്കുന്നതുവരെയും അതിനുവേണ്ടി പ്രാത്ഥിക്കണമെന്നും, എന്നാൽ ആത്മലോകത്തിലേക്കു പ്രവേശിച്ചുകഴിഞ്ഞാൽ ആ ആത്മാവിനുവേണ്ടി പ്രാത്ഥിക്കണ്ടായെന്നും, പ്രാത്ഥിച്ചാൽ ഗുണമില്ലെന്നും പറയുന്നതിന്റെ അത്ഥമാണു് മനസ്സിലാക്കാൻ പാടില്ലാത്തതു്. ഗർഭത്തിൽ അല്ലെങ്കിൽ ഗർഭലോകത്തു് വസിക്കുന്ന ഒരാത്മാവിനുവേണ്ടി പ്രാത്ഥിക്കുവാൻ പാടില്ലെന്നു പറയുന്നതു യുക്തിഭംഗമല്ലെന്നു ശക്തനും കരുണയുള്ളവനുമായ കത്താവിന്റെ അധികാരത്തിലും സംരക്ഷണത്തിലുമല്ലോ ഈ ലോകങ്ങളെല്ലാം സ്ഥിതിചെയ്യുന്നതു്. പാതാളത്തിൽ പിടിക്കപ്പെട്ടിരുന്ന ആത്മാക്കളോടു താൻ പോയി പ്രസംഗിച്ചുവെന്നു വി. പത്രോസിന്റെ ലേഖനത്തിൽ നാം വായിക്കുന്നുണ്ടല്ലോ. കർത്താവു് ഗർഭലോകത്തിലും, പ്രപഞ്ചലോകത്തിലും ആത്മലോകത്തിലും സഞ്ചരിച്ചു. ഈ ലോകങ്ങളെല്ലാം തന്റെ ദൃഷ്ടിയിൽ ഒന്നത്രെ. അതിനെ മനുഷ്യൻ വേർതിരിക്കാതിരുന്നാൽ നന്നു്. ദൈവത്തിന്റെ ശക്തിക്കും ഭരണത്തിനും ആരും അതിർത്തി കുറിക്കരുതു്.

ഒരു കുഞ്ഞിന്റെ മാതാവു് മരിച്ചുപോയി എന്നു സങ്കല്പിക്കുക. ആ മാതാവു് ആത്മലോകത്തിൽ ആ കുഞ്ഞിനുവേണ്ടി വിചാരപ്പെടുകയും, അതിനുവേണ്ടി പ്രാർത്ഥിക്കയും ചെയ്യില്ലെന്നുസന്മനസ്സും സ്നേഹവും കരുണയും എന്താണെന്നു സ്വല്പമെങ്കിലും അറിയാവുന്ന ഒരുത്തനും പറവാൻ ധൈര്യപ്പെടുകയില്ല. ക്രിസ്താബ്ദം 200-ാമാണ്ടു ജീവിച്ചിരുന്ന തെർത്തുല്യൻ വി: കുർബാനയിൽ പരേതരെ ഓക്കുക പതിവുണ്ടായിരുന്നതായി പറയുന്നു. നാം ഉപയോഗിക്കുന്നതും, കുർബാനതക്സാകളുടെ മാതൃസ്ഥാനം വഹിക്കുന്നതും ഏററം പുരാതനവുമായ വി. യാക്കോബിന്റെ തക്സായിൽ ഈ പതിവു കാണുന്നുണ്ടു്. നമുക്കു മുൻപായി ഈ ലോകത്തിൽനിന്നും വാങ്ങിപ്പോയിരിക്കുന്ന എല്ലാ പരേതക്കുവേണ്ടിയുംകൂടിയാണു് വി. കുർബാന എന്ന തിരുബലി അർപ്പിക്കുന്നതെന്നു് യറുശലേമിലെ മാർ കൂറിലോസ് പറയുന്നു ''ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിൻകീഴിൽ കണ്ടു പരിശുദ്ധനും സത്യവാനുമായ നാഥാ ഭൂമിയിൽ വസിക്കുന്നവരോടു് ഞങ്ങളുടെ രക്തത്തെക്കുറിച്ചു എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കുമെന്നു് അവർ ഉറക്കെ നിലവിളിച്ചു. (വെളി. 6:10) ഈ ലോകത്തിലെ ദുഷ്ടന്മാരുടെമേലുള്ള ന്യായവിധിക്കായി രക്തസാക്ഷികളായി മരിച്ച പരിശുദ്ധന്മാരുടെ ആത്മാക്കൾക്കു പ്രാർത്ഥിച്ചില്ലെങ്കിൽ, സത്യക്രിസ്ത്യാനികളായി ലോകത്തോടും ജഡത്തോടും പിശാചിനോടും യുദ്ധം ചെയ്തുകൊണ്ടു് ഈ ലോകത്തിൽ ജീവിക്കുന്നവരുടെമേൽ കൂടുതൽ കൃപ പ്രദാനം ചെയ്യണമെ എന്നു് അവർക്കു ദൈവത്തോടു പ്രാർത്ഥിക്കാൻ പാടില്ലെന്നു വരുമോ? പരേതരുടെ ആത്മാക്കൾ ഈ ലോകത്തിലുണ്ടായിരുന്നതിനേക്കാൾ കൂടുതൽ സൗഭാഗ്യം അനുഭവിക്കാൻപോകുന്നതുകൊണ്ടു് അവരുടെ വേർപാടിൽ ദുഃഖിക്കരുതെന്നു് പ്ലേറോറാ മൈക്കിൾ ആൻജലൊ (Michael Amgele) സെന്റു് സിപ്രിയൻ (St. Cyprian) അസ്സീസ്സിയിലെ ശു. ഫ്റാൻസിസ് (St. Francis of Assissi) മുതലായവർ പറയുന്നുണ്ടു്.

ഒരുവന്റെ ആയുസ്സിൽ പ്രായോഗികമാക്കാനോ പ്രാപിക്കാനോ കഴിയുന്നതിൽ അപ്പുറമായി എത്ര വളരെ ആശയങ്ങളും ആദർശങ്ങളുമാണു് ഒരാളിൽ സ്ഥിതിചെയ്യുന്നതു്. ഈ വിപുലമായ വിശിഷ്ട ആശയങ്ങളോടു താരതമ്യപ്പെടുത്തിനോക്കുന്നപക്ഷം മനുഷ്യായുസ്സു് എത്രയോ പരിമിതമാണെന്നു് ഏവനും ബോധപ്പെടും. ഇത്ര വലിയ മഹൽ ആശയങ്ങളും ഇത്ര ചുരുങ്ങിയ ആശയങ്ങളും തന്നതെന്തിനു്? (So much to do and little done) മനുഷ്യായുസ് പരിമിതമായ ഈ ലോകജീവിതംകൊണ്ടു് അവസാനിക്കുന്നെങ്കിൽ ഇത്ര വിപുലമായ ആശയങ്ങളെ ദൈവം മനുഷ്യനു കൊടുക്കുകയില്ലായിരുന്നു. നല്ല ആഗ്രഹങ്ങളെ മനുഷ്യഹൃദയത്തിൽ പ്രദാനം ചെയ്തവൻ അവയുടെ നിവൃത്തിക്കു മരണാനന്തരം സമയവും സൗകര്യവും നല്കാതിരിക്കയില്ല. മരണമാകുന്ന വാതിലിൽകൂടിയത്രെ സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശിക്കേണ്ടതു്. നമ്മുടെ കത്താവു് ആ പടിവാതിൽ കടന്നാണു് നിത്യസൗഭാഗ്യത്തിലേക്കു് പ്രവേശിച്ചതു്. നമുക്കും അതുപോലെ മരണമാകുന്ന ഗയിററിൽകൂടി നിത്യതയിലേക്കു് പ്രവേശിക്കാം. നമ്മുടെ കർത്താവു് അവിടുത്തെ ഉയർത്തെഴുന്നേല്പിൽ മരണത്തെ നശിപ്പിച്ചു, ചെറിയവരും വലിയവരുമായ പരേതർ ദൈവമുമ്പാകെ നിൽക്കുന്നതു ഞാൻ കണ്ടു എന്നു വി. യോഹന്നാൻ വെളിപാടു പുസ്തകത്തിൽ പറയുന്നു. (വെളി. 20:2) വിശ്വാസികളായ പരേതർ നിത്യവും ക്രമാഗതമായ അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു, അവസാനമില്ലാത്ത ഈ പുരോഗതിക്കത്രെ വേദശാസ്ത്രജ്ഞന്മാർ പൂർണ്ണതയെന്നു പറയുന്നതു്. ക്രിസ്തീയപൂർണ്ണതയെന്നു സാമാന്യ ജനങ്ങൾ മനസ്സിലാക്കിയിരിക്കുന്നതു് മേലാൽ വളരാൻ സാധിക്കാത്ത പൂർണ്ണതാപ്രാപ്തിയെയാണു്. എന്നാൽ അപരിമേയ സാഗരമാകുന്ന ദൈവത്തിൽ ഓരോരുത്തരും മുങ്ങിക്കുളിച്ചു് ആറാടുന്നതിന്റെ ഫലമായുണ്ടാകുന്ന ആനന്ദാനുഭവമാണു് ക്രിസ്തീയപൂർണ്ണതയെന്നു പറയുന്നതു്.

ക്രിസ്തീയ ജീവിതത്തിലുള്ള നമ്മുടെ ഓട്ടം നമുക്കു ചുററും നില്ക്കുന്ന സാക്ഷികളുടെ വലിയ ഒരു സമൂഹത്തിന്റെ സാന്നിദ്ധ്യത്തിലാണെന്നു് എബ്രായലേഖനകർത്താവു പറയുന്നു. (എബ്രാ 12:1)മഹാനായ ഡോക്ടർ ലിഡ്ഡൻ (Dr. Liddon) ഇപ്രകാരം ചോദിക്കുന്നു. ദൂരദർശിനിക്കണ്ണാടി (Telescope) കൊണ്ടു് നമുക്കു വളരെ ദൂരെയുള്ള ഗ്രഹങ്ങളുടെ ഗതികളെപ്പററി അറിയാമെങ്കിൽ ഇതിനേക്കാൾ തെളിവായ വീക്ഷണശക്തികൊണ്ടു്, കർത്താവിന്റെ ജീവൻ തങ്ങളിൽ സ്ഥിതിചെയ്യുന്ന പരേതരായ പരിശുദ്ധന്മാർക്കു് ആത്മലോകത്തിൽനിന്നും ഇഹലോകത്തിലെ സംഗതികളെ ഗ്രഹിപ്പാൻ പാടില്ലെന്നുവരുമോ?

(തുടരും)

## നിരണം ഭദ്രാസന വിഭജനം: നിർദ്ദേശങ്ങൾ

പി. പി. വറുഗീസ്, മുത്തൂർ തിരുവല്ലാ

മല്ലപ്പള്ളി കേന്ദ്രമായി ഒരു പുതിയ ഭദ്രാസന രൂപീകരണത്തിനുള്ള അപേക്ഷ പ.ബാവാ തിരുമനസ്സിലേക്കു് കഴിഞ്ഞ ഫെബ്രുവരി 16നു് സമപ്പിക്കപ്പെട്ടു. അപേക്ഷയോടൊപ്പം മല്ലപ്പള്ളിക്കു് ചുററുമുള്ള 38 പള്ളികളുടെ ലിസ്ററും ഉണ്ടു്. ക്രമമായി വി. കുർബാനയുള്ള പള്ളികളുടെ എണ്ണംകൊണ്ടും ധനശേഷികൊണ്ടും മററും ഇപ്പോൾ മലങ്കരയിലെ ഏററവും വലിയ ഭദ്രാസനമായ നിരണം, പ്രവത്തനസൗകര്യാത്ഥം വിഭജിക്കേണ്ടതാണെന്നു് സഭാംഗങ്ങൾ അപേക്ഷിച്ചു് തുടങ്ങിയിട്ടു്കുറെ വഷങ്ങളായി.

നിരണം ഭദ്രാസനം വിഭജിച്ചു്, പുളിക്കീഴ് മുതൽ കിഴക്കോട്ടുള്ള 50-ഓളം പള്ളികൾ ചേർത്തു് തിരുവല്ലാ കേന്ദ്രമാക്കി ഒരു പുതിയ ഭദ്രാസനം രൂപീകരിക്കേണ്ടതാണെന്നു് തിരുവല്ലായിൽനിന്നും പ്രൊഫസർ സി. എ. ചാക്കോയും, എക്സി.എൻജിനീയർ ശ്രീ കെ. സി. മത്തായിയും മററും 1985–ൽ 'മലങ്കര ദീപം' വാരികയിൽ എഴുതുകയുണ്ടായി. അധികാരപരിധി സങ്കുചിതമാകുമെന്നുള്ള മിഥ്യാധാരണയിൽ, പള്ളികളുടെയും ഭദ്രാസനത്തിന്റെയും സാമ്പത്തികനില അപര്യാപ്തമാണെന്നു് പറഞ്ഞു് വിഭജനാശയത്തെ അന്നു് ചിലർ അനുകൂലിച്ചില്ല.

വീണ്ടും നിരണം ഭദ്രാസന വിഭജനാശയം പ്രബലപ്പെട്ടു വരുന്ന ഈയവസരത്തിൽ, മല്ലപ്പള്ളിക്കു് ചുററുമുള്ള 38 പള്ളികൾക്കു പുറമേ, തിരുവല്ലായ്ക്കു് ചുററും പുളിക്കീഴ് വരെയുള്ള അൻപതോളം പള്ളികൾക്കായി ഒരു പുതിയ ഭദ്രാസനം രൂപീകരിക്കുന്നതു് നന്നായിരിക്കുമെന്നു് തോന്നുന്നു. ഭദ്രാസനസ്ഥാനം തിരുവല്ലായിലോ മല്ലപ്പള്ളിയിലോ സൗകര്യപ്രദമെന്നു് ചർച്ചചെയ്തു തീരുമാനിക്കണം. ലിസ്റ്റിൽപെട്ട 38 പള്ളികളിൽ പലതിനും മല്ലപ്പള്ളി കേന്ദ്രമാക്കുന്നതിനെക്കുറിച്ചു് അഭിപ്രായവ്യത്യാസം ഉണ്ടു്. സഭാഭാസുരൻ വട്ടശ്ശേരിൽ തിരുമേനിയോടും അദ്ദേഹത്തിന്റെ ജന്മനാടിനോടും സഭയ്ക്കുള്ള ആദരവ് കൂടുതൽ പ്രകടിപ്പിക്കുന്നതിനും, പുതിയ ഭദ്രാസനത്തിനു് 'തിരുവല്ല–മല്ലപ്പള്ളി' എന്നു് നാമകരണം ചെയ്യാവുന്നതാണു്. റീത്തുകാരുടെ ശല്യങ്ങളെ നേരിടുന്നതിനു് മല്ലപ്പള്ളി കേന്ദ്രമായാൽ കൊള്ളാം എന്നും കേട്ടു. മല്ലപ്പള്ളിയിലും തിരുവല്ലായിലും മറെറവിടെയുമുള്ള റീത്തു് പെന്തിക്കോസ്തു വിഭാഗങ്ങളുടെ ആക്രമണത്തെ തടയുന്നതിനു്, ക്രമമായി ഭവനസന്ദർശനം നടത്തുകയും, ആത്മിക ലൗകിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു് സഹായിക്കുകയും ചെയ്യുന്നതും, കൂടുതൽ അർപ്പണബോധമുള്ളതുമായ വികാരിമാരും ഇടവകാംഗങ്ങളും ആത്മാത്ഥമായി ശ്രമിച്ചാലേ സാദ്ധ്യമാകൂ. മെയിൻ റോഡിലുള്ള ഒരു പുരാതന ഓത്തഡോക്സ് കേന്ദ്രമെന്നതിനു പുറമെ, തിരുവല്ലാ ഇപ്പോൾ ഒരു റവന്യൂ ഡിവിഷനും ഒന്നാംകിട മുൻസിപ്പാലിററിയുമാണു്.

മലങ്കരയിലെ വലിയ ഭദ്രാസനങ്ങളായിരുന്ന കൊല്ലം, തുമ്പമൺ, കോട്ടയം, മലബാർ ഭദ്രാസനങ്ങൾ അടുത്തകാലത്തു് ഭരണസൗകര്യാത്ഥം വിഭജിക്കപ്പെടുകയുണ്ടായി. നൂററിൽപ്പരം ദേവാലയങ്ങളുള്ള നിരണം ഭദ്രാസനം ഇപ്പോൾ മലങ്കരയിലെ ഏററവും വലിയതും സമ്പന്നവുമാണു്. മിക്ക പള്ളികളിലും എല്ലാ ഞായറാഴ്ചകളിലും ആരാധനയുള്ളവയും സ്വയം പര്യാപ്തങ്ങളുമാണു്. വർഷത്തിലൊരു ഞായറാഴ്ച ഈ പള്ളികൾ സന്ദർശിക്കുന്നതിനു് ഒരു ഭദ്രാസനാധിപനും സാദ്ധ്യമല്ല. ചില പള്ളികളിൽ തക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കപ്പെടാതെയിരിക്കുന്നു. ആഗോളാടിസ്ഥാനത്തിലുള്ള ചില സംഘടനകളുടെ പ്രവത്തനങ്ങളിലും, വിശ്വപ്രസിദ്ധനായ ഭദ്രാ

(ശേഷം 6–ാംപേജിൽ)

Reg. No. KL/KTM/34 MALANKARA ORTHODOX HERALD Price: Re. 1

# നിരണം ഭദ്രാസന വിഭജനം

(5–ാം പേജിൽനിന്നും തുടർച്ച)

സനാധിപന് പങ്കുകൊള്ളേണ്ടതുണ്ട്. വൈദിക വിദ്യാർത്ഥികളെയും ആവേശം കൊള്ളിക്കുന്ന പ്രഗത്ഭനായ പ്രൊഫസറുമാണദ്ദേഹം. ക്രിസ്ത്യേതരരുടെ പരിപാടികൾക്കുപോലും ഒസ്താത്തിയോസ് തിരുമേനി ക്ഷണിക്കപ്പെടാറുണ്ട്. നിരണം ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളും വർഷത്തിലൊരിക്കൽ സന്ദർശിക്കുന്നതിന് വളരെ ക്ലേശങ്ങൾ തിരുമേനി സഹിക്കുന്നുണ്ട്. മിഷ്യനറി പ്രവർത്തനങ്ങൾക്ക് കൂടുതൽ സമയം തിരുമേനിക്കു ലഭിക്കുന്നപക്ഷം, അതും സഭയ്ക്ക് വലിയ നേട്ടമായിരിക്കും.

സമ്പന്നമായ നിരണം ഭദ്രാസന ഇടവകകളുടെയും, ഇടവകാംഗങ്ങളുടെയും സമ്പത്ത് കൂടുതൽ സമാഹരിക്കപ്പെടുകയും, പൊതുവായി വിനിയോഗിക്കപ്പെടുകയും ചെയ്യേണ്ടതാണ്. ഉന്നതവിദ്യാഭ്യാസരംഗത്തു് ഭദ്രാസനം പ്രവർത്തിക്കേണ്ടതിനെക്കുറിച്ച് ആലോചിക്കുകപോലും ചെയ്തതു് അടുത്തകാലത്താണ്. ഒരു കാൽ നൂററാണ്ടുമുമ്പ് ഈ രംഗത്തു് പ്രവർത്തിക്കാൻ തക്കവണ്ണം ഭദ്രാസനത്തിനു കഴിയുമായിരുന്നു. പല അനുഭവങ്ങളുടെയും മററ് വിഭാഗങ്ങളുടെ പരിഗണനയില്ലായ്മയുടെയും അടിസ്ഥാനത്തിൽ സഭാംഗങ്ങൾ ഇപ്പോൾ ബോധവാന്മാരായിട്ടുണ്ട്. മാന്യമായ വിദ്യാഭ്യാസപ്രവർത്തനങ്ങളിലൂടെയും സഭാംഗങ്ങളായ നല്ല അദ്ധ്യാപകരിൽക്കൂടെയും ക്രൈസ്തവ സാക്ഷ്യം കുറെ സാധിക്കാവുന്നതാണ്. ഓർത്തഡോക്സുകാരുടെ പുരാതന ഭൂരിപക്ഷം കേന്ദ്രമായിരുന്ന തിരുവല്ലയിൽ, ഇതരവിഭാഗക്കാരുടെ നിരവധി സ്ഥാപനങ്ങൾമൂലവും പ്രവർത്തനങ്ങൾ മൂലവും, ഓർത്തഡോക്സുകാർ പതുക്കെ പുറംതള്ളപ്പെട്ടു പോകുകയാണ്.

തിരുവനന്തപുരം, ചെങ്ങന്നൂർ, ഇടുക്കി, കുന്നംകുളം, ബത്തേരി തുടങ്ങി കേരളത്തിലെ പുതിയ ഭദ്രാസനങ്ങൾ പോലും വലിയ പുരോഗതിയാണ് കൈവരിച്ചുകൊണ്ടിരിക്കുന്നതു്. ഉദാഹരണമായി എല്ലാ ഞായറാഴ്ചയും വി. കർബാനയുള്ള കേവലം 14 പള്ളികളും മാസത്തിൽ 2 തവണ മാത്രമുള്ള 17 പള്ളികളും ഒരു തവണ മാത്രമുള്ള 47 പള്ളികളുമുള്ള തിരുവനന്തപുരം ഭദ്രാസനം ഉള്ളൂരും, കുളത്തൂരും, ഇടമുളയ്ക്കലും മററും വിദ്യാഭ്യാസ ആതുര രംഗങ്ങളിൽ സ്തുത്യർഹമായി പ്രവർത്തിക്കുന്നതു് പ്രശംസനീയമാണ്. താരതമ്യേന സമ്പന്നമായ ഇപ്പോഴത്തെ നിരണം ഭദ്രാസനം, തിരുവല്ലായെന്നും നിരണംഎന്നും രണ്ടായി വിഭജിച്ചാൽ പുതിയ ഇരുഭദ്രാസനങ്ങളും കൂടുതൽ പ്രവർത്തനമേഖലയും, പുരോഗതിയുടെ പാതയും കണ്ടെത്തുമെന്നുള്ളതു് തീർച്ചയാണ്.

# കട്ടച്ചിറ പള്ളിയിൽ നിയുക്ത കാതോലിക്കാ വി. കുർബ്ബാന അർപ്പിച്ചു

കായംകുളം: കക്ഷിവഴക്കുമൂലം റിസീവർ ഭരണത്തിലിരുന്ന കട്ടച്ചിറ സെൻറ്: മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ഇക്കഴിഞ്ഞ മാർച്ച് 13–ാം തീയതി ഞായറാഴ്ച നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്താ വി: കുർബാനയർപ്പിച്ചു. രാവിലെ പള്ളിയിൽ എത്തിച്ചേർന്ന തിരുമേനിയ്ക്കു് വികാരി ഫാ: പി. ജോർജ്ജ്; റിസീവർ ററി. എൻ. വിജയൻ; എന്നിവർ ആദരപൂർവ്വം സ്വീകരണം നല്കി. ഒട്ടനവധി ജനങ്ങൾ വി: കുർബാനയിൽ സംബന്ധിച്ചു.

## ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു

കോട്ടയം: പാക്കിൽ സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 'വേൾഡ് എറൗണ്ട് അസ് കോണ്ടസ്റ്റ്' മത്സരപ്പരീക്ഷയിൽ വിജയികളായവർക്കു് ക്യാഷ് അവാർഡുകൾ പ്രൊഫ. പി. സി. ഏലിയാസ് വിതരണം ചെയ്തു. പാക്കിൽ സെൻറ് മേരീസ് പാരീഷ്ഹാളിൽ വച്ചു നടന്ന സമ്മേളനത്തിൽ വികാരി ഫാ: സി. സി. ചെറിയാൻ അദ്ധ്യക്ഷത വഹിച്ചു. ജേക്കബ് കുര്യൻ ഓണാട്ട്, പി. കെ. കുര്യൻ, ഷൈമാ വറുഗീസ്; എന്നിവർ പ്രസംഗിച്ചു.

അഖിലേന്ത്യാ മത്സര പരീക്ഷകളിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർക്കു് പരിശീലനം ലഭിക്കുന്നതിനുതകുന്ന വിധം ആണ് 'വേൾഡ് എറൗണ്ട് അസ് കോണ്ടസ്റ്റ്' മത്സരം നടത്തിയതു്.

1988 ജനുവരി 26-നു് കോട്ടയം ബസേലിയോസ് കോളജിൽവെച്ചു നടന്ന മത്സരപരീക്ഷയിൽ ററി. തോമസ് (സ്റേററ് ബാങ്ക് കോട്ടയം) സെബാസ്റ്റ്യൻ ചാക്കോ (എസ്. ബി. കോളജ്, ചങ്ങനാശ്ശേരി) എന്നിവർ പൊതുവിഭാഗത്തിലും സൂസൻ ജെയിംസ്; കോശി പി. ഈപ്പൻ എന്നിവർ ഹൈസ്കൂൾ വിഭാഗത്തിലും യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി.

## അനുമോദനം നല്കി

കങ്ങഴ: ദേവഗിരി മാർ ഏലിയാ ചാപ്പൽ വികാരിയും കങ്ങഴ എം. ജി. ഡി. എം. ആശുപത്രി ചാപ്ളയിനും, ഓർത്തഡോക്സ് വൈദിക സെമിനാരി പ്രൊഫസറുമായ ഫാ: ജേക്കബ് കുര്യന്, സെറാംപൂർ യൂണിവേഴ്സിററിയിൽനിന്ന് ഡോക്ടറേററ് ലഭിച്ചതിൽ മാർ ഏലിയാ ചാപ്പൽ പി. ഗീവറുഗീസ് സ്ക്കൂൾ ഓഫ് നഴ്സിംഗ് സ്ക്കൂളിലെ സ്റ്റുഡൻറ് മൂവ്മെൻറ്, അഖിലകേരള ബാലജനസഖ്യം കങ്ങഴ യൂണിയൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ അനുമോദനം നല്കി. പൗരസ്ത്യ ക്രൈസ്തവ വേദശാസ്ത്രം ഭാരതീയ അദ്വൈത സിദ്ധാന്ത ദൃഷ്ടിയിൽ' എന്ന വിഷയത്തിലാണ് അദ്ദേഹം പഠനപ്രബന്ധം സമർപ്പിച്ചതു്.

## ഭദ്രാസന പൊതുയോഗം നടത്തി

പത്തനംതിട്ട: തുമ്പമൺ ഭദ്രാസന വാഷിക പൊതുയോഗം 1988 മാർച്ച് 12–ാം തീയതി പത്തനംതിട്ട കാതോലിക്കേററ് കോളേജ് ആഡിറേറാറിയത്തിൽ കൂടി. സമ്മേളനത്തിൽ ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ ആദ്ധ്യക്ഷം വഹിച്ചു. ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ സമ്മേളനത്തിൽ സന്നിഹിതനായിരുന്നു.

ഭദ്രാസന സെക്രട്ടറി ഫാ. ഡാനിയേൽ എൻ വർഗീസ് വാർഷിക റിപ്പോർട്ടും, പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. 87–ലെ വരവു ചിലവു കണക്കു് യോഗം പാസാക്കി.

പതിനാറുലക്ഷത്തി എഴുപത്തൊൻപതിനായിരം രൂപാ വരവും പതിനാറുലക്ഷത്തി എൺപത്തിയേഴായിരം രൂപാ ചിലവും പ്രതീക്ഷിച്ചിരുന്ന 88 ലേക്കുള്ള ബഡ്ജററ് യോഗംഅംഗീകരിച്ചു.

കൗൺസിൽ അംഗങ്ങളായ ജോസഫ് ജോർജ്ജ് സ്വാഗതവും, ജോർജ്ജ് ജോസഫ് കൃതജ്ഞതയും പറഞ്ഞു.

## വെക്കേഷൻ ബൈബിൾ ക്ളാസ്സ് മെയ് 15–നു് ആരംഭിക്കും

മാവേലിക്കര സെൻറ്; പോൾസ് മിഷൻ ട്രെയിനിംഗ് സെൻററിൽ എല്ലാ വർഷവും നടത്തിവരുന്ന വെക്കേഷൻ ബൈബിൾ ക്ലാസ്സ് ഈ വർഷം മെയ് 15 മുതൽ 29 വരെ തീയതികളിൽ നടത്തുന്നതാണ്. ക്ളാസ്സുകളിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ പ്രിൻസിപ്പൽ, സെൻറ്: പോൾസ് മിഷൻ ട്രെയിനിംഗ് സെൻറർ, മാവേലിക്കര 3– എന്ന വിലാസത്തിൽ പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

—

## സമാപന സമ്മേളനം

പരുമല: എം. ജി. ഒ. സി. എസ്. എം. പമ്പാ കോളജ് യൂണിററിൻെറ ഈ വർഷത്തെ സമാപന സമ്മേളനം പരുമല സെമിനാരിയിൽ വച്ചു നടന്നു.

മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ബർശ്ളീബാ റമ്പാൻ; ഫാ. ജോൺ തോമസ്; ഫാ. ഏബ്രഹാം ഉമ്മൻ; ഫാ. സി. കെ. കുര്യൻ; ഡി. വറുഗീസ് ജോർജ്; നിരണം തോമസ്; അലക്സ് ബേബി എന്നിവർ പ്രസംഗിച്ചു. മഠത്തിൽ ജോർജ് മാത്യു സ്വാഗതവും, എലിസബേത്തു് ബേബി നന്ദിയും പറഞ്ഞു.

## ബാലികാ സമാജ വാർഷികം നടത്തി

കുമ്പഴ: തുമ്പമൺ ഭദ്രാസന ബാലികാ സമാജത്തിൻെറ വാർഷികം മാർച്ച് 14–നു് കുമ്പഴ മാർ ശെമ്മൂർ ദെസ്ഥുനി പള്ളിയിൽവച്ചുനടത്തി. വാർഷിക സമ്മേളനത്തിൽ ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഫാ. ഡാനിയേൽ എൻ. വറുഗീസ്, ററി. ജി. ജോർജ്; ജി. തങ്കമ്മ എന്നിവർ പ്രസംഗിച്ചു. ഫാ. പി. ജി. ഗീവറുഗീസ് സ്വാഗതവും മറിയാമ്മ തോമസ് കൃതജ്ഞതയും പറഞ്ഞു.

രാവിലെ യൗസേബിയോസ് മെത്രാപ്പോലീത്താ വി. കുർബ്ബാനയും; തുടർന്നു് പ്രൊഫ. ഡി. മാതൃൂസ് ക്ലാസ്സും എടുത്തു.

## ഭദ്രാസന യുവജന സമ്മേളനം നടത്തി

കണ്ടനാട്: ഭദ്രാസന യുവജന സമ്മേളനം നെച്ചൂർ സെൻറ് തോമസ് ഓർത്തഡോക്സ് പള്ളിയിൽവച്ച് നടത്തി. ഗ്രീക്കു് ഓർത്തഡോക്സ് സഭാ പ്രതിനിധി ഡോ. അലക്സാണ്ടർ പാപ്പർഡോസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, ഡീക്കൻ ഒ. പി. വറുഗീസ്, ടി.ജെ. അലക്സാണ്ടർ എന്നിവർ പ്രസംഗിച്ചു.

ഉച്ചയ്ക്കുശേഷം നടന്ന വാർഷിക പൊതുസമ്മേളനത്തിൽ മാർ പക്കോമിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. എ. സി. ഐപ്പ് ജോൺ മത്തായി എന്നിവർ പ്രസംഗിച്ചു.

ഫാ: ടി. പി. ഏലിയാസ് സ്വാഗതവും പി. തോമസ് കൃതജ്ഞതയും പറഞ്ഞു.

## ഭാരവാഹികളെ തിരഞ്ഞെടുത്തു


നിരണം: വടക്കുംഭാഗം സെൻറ്: തോമസ് ഓർത്തഡോക്സ് സണ്ടേസ്ക്കൂൾ ബാലികാ സമാജത്തിൻെറ പുതിയ ഭാരവാഹികളായി ടൈററസ് കൊക്കോടിൽ: ഷൈലാ ഏബ്രഹാം (വൈസ് പ്രസിഡൻറ്) സിജ എം. ജേക്കബ് (സെക്രട്ടറി) നിർമ്മല ഏബ്രഹാം (ജോ: സെക്രട്ടറി) സിജോ. എം. ജേക്കബ് (ട്രഷററർ) എന്നിവരെ തിരഞ്ഞെടുത്തു.

## ഭദ്രാസന ക്യാമ്പ് നടത്തി

തുമ്പമൺ: ഭദ്രാസന ബാലസമാജ വാർഷിക ക്യാമ്പ് ഏപ്രിൽ 15 മുതൽ 17 വരെ തീയതികളിൽ മല്ലശ്ശേരി സെൻറ് മേരീസ് പള്ളിയിൽ നടത്തി.

ദാനിയേൽ മാർ പീലക്സിനോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ്, തോമസ് മാർ അത്താനാസ്യോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ്, ഫാ: ഡാനിയേൽ എൻ. വറുഗീസ്, ഫാ: പോൾ മാടത്തു്, ഫാ: പി കെ. വറുഗീസ്, ഫാ: രാജു എം. ഡാനിയേൽ, സി. പി. ചാണ്ടി തുടങ്ങിയവർ വിവിധ ദിവസങ്ങളിൽ നടന്ന ക്ലാസ്സുകൾക്കു് നേതൃത്വം നല്കി.

## വൈദികപട്ടം സ്വീകരിച്ചു




മുളന്തുരുത്തി: യുവജനപ്രസ്ഥാനം കൊച്ചി ഭദ്രാസന സെക്രട്ടറിയും, ഭദ്രാസനകൗൺസിൽ അംഗവും, മാത്തോമ്മൻ പള്ളി ഇടവകാംഗവുമായ ഫാ. തോമസ് മ്യാലിൽ. ഇദ്ദേഹം മാർ പക്കോമിയോസ് മെത്രാപ്പോലീത്തായിൽ നിന്നു് മുളന്തുരുത്തി സെൻറ്. തോമസ് കാതോലിക്കേററ് സെൻററിൽവച്ച് വൈദിക പട്ടം സ്വീകരിച്ചു.

## ധ്യാനയോഗം നടത്തി

കുന്നംകുളം: മരത്തംകോട്ട് സെൻറ് ഗ്രീഗോറിയോസ് പള്ളിയിൽ മർത്തമറിയം സമാജത്തിൻെറ ആഭിമുഖ്യത്തിൽ ഏകദിന ധ്യാനയോഗം നടത്തി. ഫാ. കുര്യാക്കോസ് തണ്ണീർക്കോട്ട് ധ്യാനത്തിനു നേതൃത്വം നല്കി.

## ഉപകാരസ്മരണ




E. M. Mani
Elamala

Edited & Published by Shabaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam–2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam–686 083